## അല്ലാഹുവിന്റെ വചനം

يَآ أَيُّهَا الَّذِيْنَ اٰمَنُوْٓا اِنْ تَتَّقُوا اللّٰهَ يَجْعَلْ لَّكُمْ فُرْقَانًا وَّ يُكَفِّرْ عَنْكُمْ سَيِّاٰتِكُمْ وَ يَغْفِرْ لَكُمْ ؕ وَ اللّٰهُ ذُو الْفَضْلِ الْعَظِيْمِ ۝٣٠

വിശ്വസിച്ചവരേ!നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്കൊരു വിവേചകവൈശിഷ്യം നല്കുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹങ്ങളുടെ ഉടമയാകുന്നു.

(വിശുദ്ധ ഖുർആൻ 8:30)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 9

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 6

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഫെബ്രുവരി 8/ ഹി.ശം 1403 തബ്ലീഗ് 8/1445 റജബ് 27


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

# ഖാദിയാൻ ദാറുൽഅമാനിൽ 128-ാമത് ജൽസസാലാന വിജയകരമായി സമാപിച്ചു.

**●ഇക്കാലഘട്ടം മസീഹ് മൗഊദിന്റെ വരവിന്റെ കാലഘട്ടമാണ്. വിശുദ്ധ ഖുർആനും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യും പ്രവചനം ചെയ്ത ആ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി(അ).**

**●സകല രാജ്യങ്ങളിലും ജൽസാ സംഘടിപ്പിക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദിന്റെ നാമം ആദരവോടെ ഉയരുന്നതുമെല്ലാം ദൈവികമായ വാഗ്ദാനങ്ങളുടെ സാക്ഷാത്കാരമാണ്.**

**●ഒരു സാധാരണ നാടായിരുന്നു 125 വർഷംമുമ്പേ ഖാദിയാൻ. അതിന്ന് ഒരു മനോഹരമായ പട്ടണമെന്ന നിലയിൽ പുരോഗതി കൈവരിച്ചിരിക്കുന്നു.**

**●മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി(അ)ആഗതരാകുകയും ഇസ്ലാമിന്റെ പുനരുജ്ജീവനം ഉണ്ടാകുകയും ചെയ്തതിൽ മുസ്ലിമീങ്ങൾ സന്തോഷിക്കുകായണ് വേണ്ടത്.**

**●നമ്മുടെ ഫലസ്തീൻ സഹോദരിസഹോദന്മാർക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അക്രമത്തിന്റെ വറചട്ടിയിൽ നിന്ന് അവരെ വെളിയിൽ കൊണ്ടുവരുമാറാകട്ടെ.**

**●എം.ടി.എ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഈമാൻവർധക സമാപന പ്രഭാഷണം.**

**(അവസാനഭാഗം)**

*2023 ഡിസംബർ 31ഞായറാഴ്ച*

**മൂന്നാമത്തെ ദിവസം ആദ്യത്തെയോഗം:**

അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ് ഖാദിയാൻ ബഹുമാനപ്പെട്ട മുനീർ അഹ്മദ് ഖാദിം സാഹിബായിരുന്നു ഇന്നത്തെ യോഗാധ്യക്ഷൻ. മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ഖാദിയാൻ മുഹമ്മദു ഇബ്റാഹീം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികളാരംഭിച്ചു.വിശുദ്ധ ഖുർആനിലെ ജുമുഅ അധ്യായത്തിലെ 1-മുതൽ 5-വരെയുള്ള വചനങ്ങൾ അദ്ദേഹം പാരായാണം ചെയ്തു. നാളിർ ബയ്ത്തുൽമാൽ ആമദ് റഫീഖ് അഹ്മദ് ബേഗ് സാഹിബ് ആ വചനങ്ങളുടെ ഉർദു തർജമ കേൾപ്പിച്ചു. അതിനുശേഷം അബ്ദുൽവാസിഅ് മൽക്കാന സാഹിബ് ഖാദിയാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം, നൂറെ ഫുർഖാൻ ഹെ ജോ സബ് നൂറോം സെ അജ്‌ലാ നിക്‌ലാ എന്നു തുടങ്ങുന്ന പദ്യത്തിന്റെ ചില വരികൾ മനോഹരമായി അവതരിപ്പിച്ചു.

ജാമിഅ അഹ്മദിയ്യ ഖാദിയാൻ പ്രിൻസിപ്പാൾ അത്വാഉൽ മുജീബ് ലോൺ സാഹിബ് *ദൈവികാനുഗ്രഹങ്ങളുടെ ഇറക്കവും അഹ്മദിയ്യ ജമാഅത്തിന്റെ അഭിവൃദ്ധിയും* എന്ന വിഷയത്തെ അധികരിച്ച് ആദ്യത്തെ പ്രഭാഷണം നടത്തി. ഈ യോഗത്തിലെ രണ്ടാമത്തെ പ്രഭാഷണം നടത്തിയത് നാഇബ് നാളിർ ഇസ്‌ലാഹ് വ ഇർശാദ് നൂറുൽഇസ്‌ലാം ഖാദിയാൻ ജമാൽ ശരീഅത്ത് സാഹിബായിരുന്നു. *ദഅ്വത്തെ ഇലല്ലായും അഹ്മദികളുടെ ഉത്തരവാദിത്വവും*എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

**അതിഥികളുടെ ആശംസാപ്രസംഗങ്ങൾ:**

അതിനുശേഷം ഘാന അമീറും ഇൻചാർജ് മിഷണറിയുമായ ബഹുമാനപ്പെട്ട മുഹമ്മദു ബിൻ സ്വാലിഹ് സാഹിബ്, ഗ്ലോബൽ പീസ് ചെയർമാൻ ഡോക്ടർ മാർക്കണ്ഡേയ റായേ സാഹിബ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഈ യോഗത്തിലെ മൂന്നാമത്തെ പ്രസംഗം അവതരിപ്പിച്ചത് ഖാഇംമഖാം അഡീഷണൽ നാളിർ അഅ്ലാ ജുനൂബി ഹിന്ദ് ഖാദിയാൻ മഖ്ദൂം ശരീഫ് സാഹിബ് ആയിരുന്നു. അദ്ദേഹത്തിന്റെ വിഷയം *ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മഹത്ത്വം ഖുർആനിന്റെ വെളിച്ചത്തിൽ*എന്നതായിരുന്നു.

**സമാപന പരിപാടി:**

നാളിർ അഅ്ലായും അമീർ അഹ്മദിയ്യ ജമാഅത്ത് ഖാദിയാനുമായ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റെ അധ്യക്ഷതയിൽ സമാപന പരിപാടിക്ക് തുടക്കം കുറിച്ചു. ഫാറൂഖ് അഅ്ലം സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. അതിന്റെ ഉർദു തർജമ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് മൗലവി ശമീം അഹ്മദ് ഗോറി സാഹിബ് അവതരിപ്പിച്ചു. നാഇബ് നാളിർ ഉമൂറെ ആമ മൗലവിനസ്‌റുൻമ്മിനല്ലാഹ് സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പരിശുദ്ധ പദ്യമായ *നൗനെ ഹാലാനെ ജമാഅത്ത് മുഝെ കുച്ഛ് കഹ് നാ ഹെ* എന്നതിൽനിന്നുള്ള ഏതാനും വചനങ്ങൾ ആലപിച്ചു.

അതിനുശേഷം ദുആയ്ക്കുള്ള അപേക്ഷ എന്ന നിലയിൽ സെക്രട്ടറി സാഹിബ് മജ്‌ലിസ് കാർപർദാസ് ബിഹിശ്തിമഖ്ബറ ഖാദിയാൻ 2023-ൽ ഇന്ത്യയിൽ വഫാത്തായ മൂസ്വിമാരുടെ പേരുകൾ സംസ്ഥാനാടിസ്ഥാനത്തിൽ വായിച്ചു കേൾപ്പിച്ചു.

നാളിർ അഅ്ലായും അമീർ അഹ്മദിയ്യ ജമാഅത്ത് ഖാദിയാനുമായ അധ്യക്ഷൻ മുഹമ്മദ് ഇനാം സാഹിബ് ഗോറി നന്ദിപ്രകടനത്തിനുശേഷം തദ്ദേശപരമായ നിലയിൽ ദുആ ചെയ്യിച്ചു.

അതിനുശേഷം ജൽസയുടെ സമാപന പരിപാടിയുമായി ബന്ധപ്പെട്ട ലണ്ടനിൽനിന്നുള്ള പ്രത്യേക പരിപാടിയുടെ സംപ്രേഷണം ആരംഭിച്ചു. ലണ്ടൻ സ്റ്റുഡിയോയിൽനിന്ന് മഹാത്മാരായ ആലിമീങ്ങളുടെ ഒരു പാനൽ ജൽസസാലാന ഖാദിയാനെ സംബന്ധിച്ച് തങ്ങളുടെ ഈമാൻ വർധക അനുഭവങ്ങൾ വിവരിച്ചുകൊണ്ടിരുന്നു. ജൽസസാലാന ഖാദിയാനിൽനിന്ന് അൻസ്വാറുല്ലാഹ് ഭാരതും ജാമിഅ അഹ്മദിയ്യ ഖാദിയാൻ പ്രിൻസിപ്പാളുമായ മൗലവി അത്വാഉൽ മുജീബ് ലോൺ സാഹിബ് ജൽസസാലാനയെ സംബന്ധിച്ച് ഫലപ്രദമായ വിവരങ്ങൾ നല്കിക്കൊണ്ടിരുന്നു.

ജൽസസാലാന ഖാദിയാനിലെ ആത്മീയഭരിതമായ ദൃശ്യങ്ങളും പരിശുദ്ധവും ആകർഷണീയവുമായ സ്ഥലങ്ങളും ഉൾപ്പെടുത്തി എം.ടി.എ ഖാദിയാൻ സ്റ്റുഡിയോ തയ്യാറാക്കിയ വളരെ ഹൃദയഹാരിയായ ഒരു ഡോക്യുമെന്ററിയും എം.ടി.എ ഇന്റർനാഷണലിന് മാറ്റുകൂട്ടി.

അമീറുൽമുഅ്മിനീൻ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആഗമനവും ആകാശംമുട്ടെ ഉയർന്ന തക്ബീർ ധ്വനികളുംകൊണ്ട്

(ശേഷം പേജ് 9ൽ)

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്വ്ബ 2023 ജനുവരി 5 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അയർലന്റ് പര്യടനം

വിളംബരം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- അല്ലാഹുവിന്റെ പക്കൽ ത്യാഗത്തിന്റെ നിലവാരം ഉൽക്കടമായ ആഗ്രഹത്തിന്റേയും ആവേശത്തിന്റേയും അടിസ്ഥാനത്തിലാണ്;അളവിന്റെ അടിസ്ഥാനത്തിലല്ല.
- അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെജദീദിന്റെ 66-ാം വർഷം അവസാനിച്ചിരിക്കുന്നു. 67-ാം വർഷം ആരഭിച്ചു കഴിഞ്ഞിരിക്കുന്നു.
- ആഗോള അഹ്മദിയ്യ ജമാഅത്ത് കഴിഞ്ഞവർഷം ഒരു കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി നാൽപത്തിയൊന്നായിരം(12941000) പൗണ്ടിന്റെ സാമ്പത്തികത്യാഗം ചെയ്തിരിക്കുന്നു. അതായത് ഏകദേശം 13 മില്യൺ പൗണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ ത്യാഗം ഏഴുലക്ഷത്തി പതിനെട്ടായിരം (7,18,000) പൗണ്ട് അധികമാണ്.
- ഇസ്‌ലാമികാധ്യാപനങ്ങളെ പ്രചരിപ്പിക്കാൻ തൂലികകൊണ്ടും തബ്‌ലീഗുകൊണ്ടും ജിഹാദ് തുടരുന്നതാണ്. ഈ ജിഹാദ് തുടരുന്നതിനും ജീവനും സമ്പത്തും സമയവും അഭിമാനവും ത്യാഗം ചെയ്യേണ്ടത് ഇസ്‌ലാമിന്റെ ആരംഭകാലത്ത് ത്യാഗങ്ങളുടെ ആവശ്യകത ഉണ്ടായിരുന്നതുപോലെതന്നെ ഇന്നുമുണ്ട്.
- ദീനിന്റെ പ്രചാരണത്തിനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നതാണ് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള മാർഗവും വിജയകരമായ കച്ചവടവും.
- ഇക്കാലത്ത് ഈ സാമ്പത്തിക ജിഹാദുതന്നെയാണ് ദേഹംകൊണ്ടുള്ള ജിഹാദിനും നിമിത്തമായിത്തീരുക. മനുഷ്യൻ തന്റെ നിരവധി ആഗ്രഹങ്ങളെ പിന്തള്ളിക്കൊണ്ട് ദീനിന്റെ പുരോഗതിക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യുമ്പോൾ അത് ദേഹംകൊണ്ടുള്ള ജിഹാദാകുന്നു.
- ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ മാത്രമേ ദീനിനുവേണ്ടി സാമ്പത്തികത്യാഗം ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരായിട്ടുള്ളു. മഞ്ഞുതുള്ളികൾപോലെയുള്ള ഈ ചെറിയ ചെറിയ തുകകളും അനിതരസാധാരണമായ ഫലമാണ് നൽകുന്നത്.ആദ്യകാല മഹാത്മാക്കളുടേയും സ്വഹാബാക്കളുടേയും സാമ്പത്തികഭദ്രതയുള്ള മക്കൾ ഇന്ന് അവർക്കുമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മുൻഗാമികളുടെ ത്യാഗങ്ങൾ കാരണമാണെന്ന വസ്തുത ഓർക്കേണ്ടതാണ്.
- സദുദ്ദേശ്യത്തോടെ ചെയ്ത ത്യാഗം അല്ലാഹു സ്വീകരിക്കുകയില്ലെന്ന് ദുർബലനായ അഹ്മദിയുടെ മനസ്സിൽപ്പോലും ഒരിക്കലും ഉണ്ടാകരുത്. അല്ലാഹുവിന്റെ ഖജനാവ് അതിരില്ലാത്തതാണ്. അവന് നമ്മുടെ കുറച്ചു പൈസയുടെ ആവശ്യമില്ല. അല്ലാഹു ചോദിക്കുന്ന ഈ ത്യാഗം അത് നമ്മെ കൂടുതൽ അനുഗ്രഹത്തിന് പാത്രമാക്കുന്നു.
- കാരക്കയുടെ കഷണം ചെലവു ചെയ്തിട്ടാണെങ്കിലും തീയിൽനിന്ന് രക്ഷപ്പെടുക.(ഹദീഥ്)
- മുമ്പേയുള്ള ജനതകളെ നശിപ്പിച്ച പിശുക്കിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക.(ഹദീഥ്)
- വഖ്ഫെജദീദിന്റെ 66-ാം വർഷത്തിൽ ജമാഅത്ത് സമർപിച്ച സാമ്പത്തിക ത്യാഗവും 67-ാം വർഷത്തിന്റെ വിളംബരവും.
- വിവിധരാജ്യങ്ങളിലെ ആത്മാർഥരായ അഹ്മദികളുടെ പ്രത്യേകിച്ചും നവഅഹ്മദികളുടെ ധനത്യാഗത്തിന്റെ ഈമാൻ വർധക സംഭവങ്ങളുടെ വിവരണം.
- ഫലസ്തീൻ ജനതയ്ക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം.

**ഖുത്ബ ജുമുഅ 2024 ജനുവരി 5/1403 ഫതഹ് 5**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا هَلْ اَدُلُّكُمْ عَلٰى تِجَارَةٍ تُنْجِيْكُمْ مِّنْ عَذَابٍ اَلِيْمٍ ﴿۱۱﴾ تُؤْمِنُوْنَ بِاللّٰهِ وَ رَسُوْلِهٖ وَ تُجَاهِدُوْنَ فِيْ سَبِيْلِ اللّٰهِ بِاَمْوَالِكُمْ وَ اَنْفُسِكُمْ ؕ ذٰلِكُمْ خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ﴿۱۲﴾ يَغْفِرْ لَكُمْ ذُنُوْبَكُمْ وَ يُدْخِلْكُمْ جَنّٰتٍ تَجْرِيْ مِنْ تَحْتِهَا الْاَنْهٰرُ وَ مَسٰكِنَ طَيِّبَةً فِيْ جَنّٰتِ عَدْنٍ ؕ ذٰلِكَ الْفَوْزُ الْعَظِيْمُ ﴿۱۳﴾

വിശ്വസിച്ചവരേ!വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെ കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവു നല്കട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ധനംകൊണ്ടും നിങ്ങളുടെ ജീവൻകൊണ്ടും സമരം ചെയ്യുകയും ചെയ്യുകയെന്നതാണത്. നിങ്ങളറിയുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്. (അപ്രകാരം ചെയ്താൽ)നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾക്ക് പൊറുത്തുതരികയും താഴോരത്തുകൂടെ അരുവിളൊഴുകുന്ന ഉദ്യാനങ്ങളിലും ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധമായ ഭവനങ്ങളിലും നിങ്ങളെ അവൻ പ്രവേശിപ്പിക്കുന്നതുമാണ്. അതത്രെ മഹത്തായ വിജയം.(സൂറത്തുസ്സ്വഫ്:11-13)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്തു പറഞ്ഞു:

> ഞാനും മുസവീ മസീഹിന്റെ വഴിയിലാണ് അയക്കപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് ഈസാ(അ) കാരുണ്യത്തിന്റേയും പൊറുമയുടേയും അധ്യാപനം നൽകിയതുപോലെ ഞാനും കാരുണ്യത്തിന്റേയും പൊറുമയുടേയും രഞ്ജിപ്പിന്റേയും സഹവർത്തിത്വത്തിന്റേയും ഇസ്‌ലാമിക പാഠങ്ങളോടുകൂടി മുഹമ്മദീ മസീഹായി നിയോഗിക്കപ്പെട്ടിരിക്കുന്നു. മതപരമായ യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിനാണ് ഞാൻ വന്നിട്ടുള്ളത്. ഇക്കാലഘട്ടം ഖുർആനികാധ്യാപനങ്ങളുടെ പ്രചാരണ കാലഘട്ടമാകുന്നു.

(അർബയീൻ, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 344)

ഇതു വാളുകൊണ്ടുള്ള ജിഹാദിന്റെ കാലമല്ല. എന്നാൽ, ഇസ്‌ലാമികാധ്യാപനങ്ങളെ പ്രചരിപ്പിക്കാൻ തൂലികകൊണ്ടും തബ്‌ലീഗുകൊണ്ടും ജിഹാദ് തുടരുന്നതാണ്. ഈ ജിഹാദ് തുടരുന്നതിനും ജീവനും സമ്പത്തും സമയവും അഭിമാനവും ത്യാഗം ചെയ്യേണ്ടത് ഇസ്‌ലാമിന്റെ ആരംഭകാലത്ത് ത്യാഗങ്ങളുടെ ആവശ്യകത ഉണ്ടായിരുന്നതുപോലെതന്നെ ഇന്നുമുണ്ട്.

ഇക്കാലഘട്ടത്തിൽ സാമ്പത്തിക മേൽക്കോയ്മ ലഭിക്കാൻ വളരെയേറെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ദീനിനെ ജനങ്ങൾ മറന്നിരിക്കുകയാണ്. ഭൗതികതയിലേക്കുള്ള ചായ്‌വ് കൂടുതലാണ്. കച്ചവടത്തിൽ മേൽക്കോയ്മയും ഭൗതിക സുഖം കരസ്ഥമാക്കുന്നതിനും ഭൗതികലോകം അതിന്റെ ശ്രദ്ധ പാരമ്യത്തിലെത്തിക്കാൻ ശ്രമിക്കുകയാണ്. ഈ ചുറ്റുപാടിൽ ദീനീ പ്രചാരണത്തിനും, ത്യാഗങ്ങൾ തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുമുള്ള മാർഗവും വിജയപ്രദമായ കച്ചവടവും. അതാണ് അല്ലാഹു ഇവിടെ പറഞ്ഞത്. അതുതന്നെയാണ് ഞാൻ പാരായണം ചെയ്ത ഈ ആയത്തുകളിൽഅല്ലാഹു വിശദമാക്കിയതും. ഇത് മസീഹ് മൗഊദിന്റെ കാലഘട്ടമാകുന്നു. ഇക്കാലഘട്ടത്തിൽ പ്രത്യേകമായും സാമ്പത്തികത്യാഗം വളരെ പ്രധാനപ്പെട്ട കർത്തവ്യമാകുന്നു. അതുമുഖേന പിന്നീട് ജീവത്യാഗത്തിനും പ്രേരണയുണ്ടാകുന്നു. അങ്ങനെ അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാകുന്നതാണ്. അല്ലാഹു സാമ്പത്തികത്യാഗത്തിലേക്ക് വിശുദ്ധ ഖുർആനിൽ പലപ്രാവശ്യം ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് പറയുന്നു. വമാലക്കും അല്ലാതുൻഫിഖൂ ഫീ സബീലില്ലാഹി(57:11) അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യാതിരിക്കാൻ നിങ്ങൾക്കെന്തു പറ്റി? അല്ലാഹു പറയുന്നു: എല്ലാം അല്ലാഹുവിൽ നിന്നാണ് വരുന്നത്. അവനാണ് നിങ്ങൾക്ക് നൽകുന്നത്. പിന്നെ നിങ്ങൾക്ക് പ്രതിഫലം നൽകാൻ വേണ്ടി അവന്റെ മാർഗത്തിൽ

ചെലവഴിക്കുവിൻ എന്ന് നിങ്ങളോടു പറയുന്നു. അതുകൊണ്ട് വിശ്വാസമുണ്ടെങ്കിൽ, അല്ലാഹുവിൽ ദൃഢവിശ്വാസമുണ്ടെങ്കിൽ അവന്റെ മാർഗത്തിൽ ത്യാഗം ചെയ്യേണ്ടതാണ്.

മറ്റൊരു സ്ഥലത്ത് മുന്നറിയിപ്പു നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:*വ അൻഫിഖൂ ഫീ സബീലില്ലാഹി വലാ തുൽഖൂ ബി അയ്ദീക്കും ഇല ത്തഹ്‌ലുക്കത്തി*

അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ (ധനം)ചെലവഴിക്കുവിൻ. നിങ്ങളുടെ കൈകളാൽ നിങ്ങളെ(സ്വയം)നാശത്തിൽ അകപ്പെടുത്തരുത്.(2:196)

ചുരുക്കത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ അവൻ നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കാത്തവർ തങ്ങളെ സ്വയം നാശത്തിൽ അകപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഇക്കാലത്ത് ഈ സാമ്പത്തിക ജിഹാദു തന്നെയാണ് ദേഹംകൊണ്ടുള്ള ജിഹാദിനും നിമിത്തമായിത്തീരുക. മനുഷ്യൻ തന്റെ നിരവധി ആഗ്രഹങ്ങളെ പിന്തള്ളിക്കൊണ്ട് ദീനിന്റെ പുരോഗതിക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യുമ്പോൾ അത് ദേഹംകൊണ്ടുള്ള ജിഹാദാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചുകൊണ്ട്, അത് അയാളേയും അയാളുടെ തലമുറകളേയും നിരവധി അനുഗ്രഹങ്ങൾക്ക് അവകാശികളാക്കി മാറ്റുന്നു. അല്ലാഹു ആരുടേയും കടം ബാക്കിവെക്കുന്നതല്ല. അല്ലാഹു ഇഹപരലോകങ്ങൾക്ക് പ്രയോജനപ്രദമായ കച്ചവടത്തെപ്പറ്റി സുവാർത്ത നൽകുന്നു. അത് ശിക്ഷകളിൽനിന്ന് രക്ഷപ്പെടുത്തുന്ന കച്ചവടമാകുന്നു. ഭൗതിക കച്ചവടങ്ങൾ ഭൗതികപ്രയോജനങ്ങൾക്ക് വേണ്ടിയുള്ളതാകുന്നു. എന്നാൽ, അല്ലാഹുവുമായുള്ള കച്ചവടം ഇഹലോകത്തും പരലോകത്തും അനുഗ്രഹങ്ങൾക്ക് അവകാശികളാക്കി മാറ്റുന്നു. ഞാൻ പറഞ്ഞുവന്നതുപോലെ, അല്ലാഹു ആരുടേയും കടം ബാക്കി വെക്കുന്നില്ല. സദുദ്ദേശ്യത്തോടെ അവന്റെ മാർഗത്തിൽ ചെയ്യപ്പെടുന്ന ത്യാഗങ്ങളെ അവൻ പലമടങ്ങായി വർധിപ്പിക്കുന്നു.

വിശുദ്ധഖുർആനിൽ രണ്ടാം അധ്യായം 266-ാം വചനത്തിൽ അല്ലാഹു പറയുന്നു:

> അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവ് ചെയ്യുന്നവരുടെ നില, പീഠഭൂമിയിലുള്ള ഒരു തോട്ടം പോലെയാകുന്നു. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നൽകി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ ത്തന്നെയും ലഘുവായ മഴയായാലും അതിന് മതിയാകും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ അറിയുന്നവനാകുന്നു.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദികൾ മാത്രമേ ദീനിനുവേണ്ടി സാമ്പത്തികത്യാഗം ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരായിട്ടുള്ളൂ. മഞ്ഞുതുള്ളികൾപോലെയുള്ള ഈ ചെറിയ ചെറിയ തുകകളും അനിതരസാധാരണമായ ഫലമാണ് നൽകുന്നത്.

ജമാഅത്തിന്റെ പുരോഗതികൾ അതിനുള്ള സാക്ഷ്യങ്ങളാകുന്നു. സാധുജനങ്ങളാണ്. അവർ നിസ്സാരമായ ത്യാഗങ്ങളാണ് ചെയ്യുന്നത്. പിന്നീട് അല്ലാഹു അതിൽനിന്ന് അനന്തമായ ഫലങ്ങൾ പ്രദാനം ചെയ്യുന്നു. പ്രത്യേകിച്ചും പാവപ്പെട്ട, ചെറിയ ചുറ്റുപാടുള്ള അഹ്‌മദികൾ പൊതുവിൽ കൂടുതൽ ത്യാഗങ്ങൾ ചെയ്യുന്നതായി കണ്ടുവരുന്നു. അതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. അത് ഞാൻ പലപ്പോഴും വിവരിക്കാറുമുണ്ട്. ഇന്നും വിവരിക്കുന്നതാണ്.

ഈ ഉദാഹരണങ്ങൾ സാമ്പത്തികസ്ഥിതി മെച്ചമുള്ള അഹ്‌മദികളെ അവരുടെ നിലവാരമെന്തെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കേണ്ടതാണ്. സാധുക്കളായ അഹ്‌മദികൾ തങ്ങളുടെ സാമ്പത്തികത്യാഗം നടത്തുമ്പോൾ അവർ തങ്ങളുടെ ആത്മാക്കളുടെ ജീവന്റെ ജിഹാദാണ് ചെയ്യുന്നത്.

ആഫ്രിക്കയിലും പാക്കിസ്താനിലും ഇന്ത്യയിലും അത്തരം ത്യാഗം ചെയ്യുന്ന നിരവധി പേരുണ്ട്. അവർ തങ്ങളുടെ ഭക്ഷണം ത്യജിച്ചുകൊണ്ട്, വിശപ്പ് സഹിച്ചുകൊണ്ട് സാമ്പത്തികത്യാഗം ചെയ്യുന്നു.തങ്ങളുടെയും മക്കളുടെയും അസുഖത്തിന് മരുന്നിന് ചെലവഴിക്കാതെ ചന്ദ കൊടുക്കുന്നതിന് പ്രാമുഖ്യം നൽകുന്നു. പിന്നെ അല്ലാഹു അവരുടെ ഈ ത്യാഗത്തെ അനുഗ്രഹിക്കാതെ ഒഴിവാക്കുന്നതല്ല. മറിച്ച്, ചിലപ്പോൾ വളരെ വേഗംതന്നെ ദൈവികാനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരുന്നത് അത്ഭുതമുളവാക്കുന്നു. അത് അവരുടെ വിശ്വാസവർധനയ്ക്ക് കാരുണമാകുകയും ചെയ്യുന്നു.

അതുകൊണ്ട് സദുദ്ദേശ്യത്തോടെ ചെയ്യപ്പെടുന്ന ത്യാഗങ്ങളെ അല്ലാഹു അനുഗ്രഹിക്കാതെ വിട്ടുകളയുമെന്ന് ഒരിക്കലും ഒരു സാധുവായ അഹ്‌മദിയും ധരിച്ചുപോകരുത്. അല്ലാഹുവിന്റെ ഖജനാവ് പരിമിതമല്ല. അവന് നമ്മുടെ ഏതാനും തുട്ടുകളുടെ ആവശ്യമില്ല. അല്ലാഹു നമ്മളോടു ത്യാഗങ്ങൾ ആവശ്യപ്പെടുന്നതുകൊണ്ട് കൂടുതൽ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരാൻ നമുക്ക് സന്ദർഭമൊരുക്കുകയാണ്!

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിൽ ഉണ്ടാക്കിയിട്ടുള്ള ത്യാഗത്തിന്റെ ആത്മാവിന്, തത്തുല്യമായ ദൃശ്യം ആ മഹാത്മാവിന്റെ കാലം മുതൽ ഇന്നേവരെ മറ്റൊരിടത്തും കാണാൻ സാധ്യമല്ല. അതായത് അഹ്‌മദികൾ തങ്ങളുടെ ആവശ്യങ്ങൾ പിൻപുറം തള്ളിക്കൊണ്ട് ജമാഅത്തിന്റെ ആവശ്യങ്ങൾക്ക് തങ്ങളുടെ ത്യാഗങ്ങൾ സമർപിക്കുന്നു. ഇതുതന്നെയാണ് അഭിവൃദ്ധിപ്പെടുന്ന സമൂഹങ്ങളുടെ രീതിയും. അതുമുഖേന അല്ലാഹുവും അനുഗ്രഹം ചൊരിയുന്നു. നബി(സ) തിരുമേനി പറയുന്നു:

> ഒരു കാരക്കയുടെ കഷണമെങ്കിലും ദാനം ചെയ്ത് നിങ്ങൾ നരകത്തെ സൂക്ഷിക്കുവിൻ.

(സ്വഹീഹുൽബുഖാരി, കിതാബുസ്സക്കാത്ത് ഹദീഥ് 1417).

പകുതി കാരക്ക കൊടുക്കാനെ നിങ്ങൾക്ക് കഴിയുന്നുള്ളുവെങ്കിൽ അതുകൊടുത്ത് തീയിൽനിന്ന് നിങ്ങളെ രക്ഷിക്കുക. പിന്നീട് അവിടന്ന് പറഞ്ഞു:

> പിശുക്കിൽനിന്ന് രക്ഷപ്പെടുക. ഈ പിശുക്ക് തന്നെയാണ് മുൻകാല സമുദായങ്ങളെ നശിപ്പിച്ചത്.

(സുനൻ അബീദാഊദ്, കിതാബുസ്സക്കാത്ത് നമ്പർ 1698)

സ്വഹാബാക്കളുടെ അവസ്ഥ നോക്കുക. പറയുന്നു:

> നബി(സ)തിരുമേനി സാമ്പത്തികാഹ്വാനം ചെയ്യുമ്പോഴെല്ലാം ഞങ്ങൾ ചന്തയിൽ പോയി എന്തെങ്കിലും കൂലിവേല ചെയ്യുകയും ഞങ്ങൾക്ക് കിട്ടുന്ന തുച്ഛമായ കൂലിയാണെങ്കിലും പ്രസ്തുത സമ്പാദ്യം ഞങ്ങൾ നബി(സ) തിരുമേനിയുടെ സവിധത്തിൽ സമർപിക്കുകയും ചെയ്തിരുന്നു.

(സ്വഹീഹുൽബുഖാരി, കിതാബുസ്സക്കാത്ത് ,ഹദീഥ് 1416)

അത്തരത്തിൽ ത്യാഗം ചെയ്യുന്നവരെ, നബി(സ) തിരുമേനിയുടെ സത്യദാസന് അല്ലാഹു നൽകുകയുണ്ടായി. അതിന് നിരവധി ഉദാഹരണങ്ങളുമുണ്ട്. ചരിത്രത്തിൽ അത്തരത്തിലുള്ള സഹോദരന്മാരുടെ മാതൃകകൾ കാണാം. അവരുടെ ത്യാഗങ്ങൾ കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഹദ്റത്ത് മസീഹ് മൗഊദും(അ)അവരെ അനുസ്മരിച്ചിട്ടുമുണ്ട്.

> ഞാനെന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർഥതയിലും അത്ഭുതപ്പെട്ടുപോകുന്നു. അവരിൽ വളരെ ചെറിയ ഉപജീവനമാർഗമുള്ള മിയാൻ ജമാലുദ്ദീൻ, ഖയ്റുദ്ദീൻ, ഇമാമുദ്ദീൻ കശ്മീരി എന്നിവർ എന്റെ ഗ്രാമത്തിനടുത്ത് വസിക്കുന്നവരാണ്. ഇവർ മൂന്നുപേരും സാധുക്കളായ സഹോദരന്മാരാകുന്നു. ദിനേന മൂന്നോ നാലോ അണയായിരിക്കും ഇവർക്ക് കിട്ടുന്നുണ്ടാകുക. എന്നാൽ, ആവേശപൂർവ്വം മാസന്തോറുമുള്ള ചന്ദയിൽ ഭാഗഭാക്കാകുന്നു. അവരുടെ സുഹൃത്തായ മിയാൻ അബ്ദുൽ അസീസ് പട്ട്വാരിയുടെ ആത്മാർഥതയും അത്ഭുതപ്പെടുത്തുന്നതാണ്. വളരെ ചെറിയ ഉപജീവനമാർഗമായിട്ടുകൂടി ഒരു ദിവസം 100 രൂപ തന്നിട്ട് പോയി. അതും താൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെടണമെന്നാനാഗ്രഹിക്കുന്നത്. ആ നൂറുരൂപ ആ സാധുമനുഷ്യൻ വർഷങ്ങൾകൊണ്ട് സ്വരുക്കൂട്ടിയതായിരിക്കും. എന്നാൽ, അല്ലാഹുവിനോടുള്ള ആവേശം ദൈവപ്രീതിക്ക് ആവേശം പകർന്നു.

(ഉമീമ രിസാല അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാല്യം 11, പേജ് 313-314, ബാക്കി അടിക്കുറിപ്പ്)

ജമാഅത്തിന്റെ ചരിത്രത്തിൽ ഈ ത്യാഗങ്ങൾ ചെയ്തിട്ടുള്ളവരുടെ നാമങ്ങൾ സുരക്ഷിതമാണ്. ഇവർ ദൈവപ്രീതി കരസ്ഥമാക്കുന്നതിന് ഒരു പ്രത്യേക ആവേശമുള്ളവരായിരുന്നു. അവർ കുറച്ച് നൽകിയാലും കൂടുതൽ നൽകിയാലും അവരുടെ പേരുകൾ മസീഹ് മൗഊദിന്റെ ദൗത്യത്തിന്റെ സഹായികളിൽ ഉൾപ്പെടുമാറായി. ചരിത്രം അത് സുരക്ഷിതമാക്കിയിരിക്കുന്നു. മറ്റൊരു മഹാനെകുറിച്ചും അനുസ്മരിക്കാം:

ഇദ്ദേഹം വികലാംഗനും ദരിദ്രനുമായിരുന്നു. അദ്ദേഹത്തിന്റെ പേര് ഹാഫിള് മുയീനുദ്ദീൻ സാഹിബ് എന്നാകുന്നു. ജമാഅത്തിന് സേവനം ചെയ്യാനും അതിനുവേണ്ടി ത്യാഗം ചെയ്യാനും അദ്ദേഹത്തിന്റെ പ്രകൃതത്തിൽ വലിയ ആവേശമായിരുന്നു. പക്ഷേ, വളരെ ഞെരുക്കത്തിലാണ് കഴിച്ചുകൂട്ടിയിരുന്നത്. വികലാംഗനായതുകൊണ്ട് ഒരു ജോലിയും ഇല്ലായിരുന്നു. ജനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദ്യകാല സേവകനാണെന്ന പരിഗണനയിൽ എന്തെങ്കിലും ഉപഹാരമായി നൽകിയിരുന്നു. എന്നാൽ, ഹാഫിള് സാഹിബ് ഇങ്ങനെ ഉപഹാരമായി കിട്ടുന്നത് ഒരിക്കലും തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചിരുന്നില്ല. അതെല്ലാം ജമാഅത്തിന്റെ സേവനത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ സമർപിക്കുമായിരുന്നു. അദ്ദേഹം ഭാഗഭാക്കാകാത്ത, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സാമ്പത്തിക പദ്ധതിയുമില്ലായിരുന്നു. ഒരു പൈസ കൊടുത്തിട്ടാണെങ്കിലും അദ്ദേഹം അതിൽ തീർച്ചയായും ഭാഗഭാക്കാകുമായിരുന്നു. അക്കാലത്തെ ഒരു പൈസ ഒരു പെന്നിക്ക് സമാനമായി മനസ്സിലാക്കുക. ഏതായാലും അദ്ദേഹം അതിൽ പങ്കാളിയാകുമായിരുന്നു. അദ്ദേഹത്തിന്റെ അവസ്ഥയിൽ ഈ നിസ്സാരത്യാഗവും വളരെ വലിയ ത്യാഗമായിരുന്നു. ചില സമയത്ത് ഹാഫിള് സാഹിബ് പട്ടിണി കിടന്നും ഈ സേവനം ചെയ്യുമായിരുന്നു.

ഇവർതന്നെയാണ് ദൈവാഭീഷ്ടം സ്വായത്തമാക്കാൻ സർവതും ത്യജിക്കാൻ എപ്പോഴും സന്നദ്ധരായിട്ടുള്ളവർ. അവരുടെ ത്യാഗത്തെയും അല്ലാഹു സ്നേഹദൃഷ്ടിയോടെ വീക്ഷിച്ചു. അത് ഫലദായകമായി. അത് ഇന്ന് അവരുടെ തലമുറ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു.(അസ്ഹാബെ അഹ്മദ് വാല്യം 13, പേജ് 293)

ആയതിനാൽ ആദ്യകാല മഹാത്മാക്കളുടേയും സ്വഹാബാക്കളുടേയും സാമ്പത്തികഭദ്രതയുള്ള മക്കൾ ഇന്ന് അവർക്ക് മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മുൻഗാമികളുടെ ത്യാഗങ്ങൾ കാരണമാണെന്ന വസ്തുത ഓർക്കേണ്ടതാണ്. ജമാഅത്തിന്റെ സേവനത്തിനുവേണ്ടി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ മുന്നോട്ടു കൊണ്ടുപോകാൻവേണ്ടി അവരുടെ ത്യാഗങ്ങൾ, അവരുടെ മുൻഗാമികളുടെ ചിന്താഗതികൾക്കനുസൃതം പുരോഗതിപ്പെടുന്നുണ്ടോ എന്ന കാര്യം അവർ സ്വയം വിലയിരുത്തേണ്ടതാണ്. ഇന്നും ജമാഅത്തിൽ ഭൂരിപക്ഷവും പാവങ്ങളാകുന്നു. അവർ ത്യാഗത്തിന്റെ ഉന്നത നിലവാരം സ്ഥാപിക്കുന്നു.

അതുകൊണ്ട് ജമാഅത്തിൽ വരുമാനത്തിന്റെ കാര്യത്തിൽ ഉന്നത നിലവാരത്തിലുള്ളവർ സ്വയം കണക്കെടുപ്പ് നടത്തേണ്ടതാണ്. അല്ലാഹുവും അവന്റെ റസൂലും ആത്മാർഥമായി ചെയ്യപ്പെടുന്ന ത്യാഗങ്ങളെ വിലമതിക്കുന്നതാണ്. നബി(സ) തിരുമേനി പറയുന്നു: ഒരു ദിർഹം, ഒരു ലക്ഷം ദിർഹത്തിനുമേൽ ഇന്ന് ശ്രേഷ്ഠത നേടിയിരിക്കുന്നു. സ്വഹാബാക്കൾ ചോദിച്ചു. അതെങ്ങനെ? നബി(സ)തിരുമേനി പറഞ്ഞു: ഒരാളുടെ പക്കൽ 2 ദിർഹമുണ്ടായിരുന്നു. അയാൾ ഒരു ദിർഹം ത്യാഗം ചെയ്തു. മറ്റൊരാളുടെ പക്കൽ എണ്ണമറ്റ സ്വത്തും സമ്പത്തുമുണ്ടായിരുന്നു. അയാൾ ഒരു ലക്ഷം ദിർഹം ത്യാഗം ചെയ്തു. പ്രത്യക്ഷത്തിൽ ഒരു ലക്ഷം ദിർഹം വളരെ വലിയ തുകയാകുന്നു. എന്നാൽ, ആ സാധുവിന്റെ ത്യാഗമനോഭാവത്തിന് മുന്നിൽ ഒരു ലക്ഷം ദിർഹത്തിന് അല്ലാഹുവിന്റെ പക്കൽ ഒരു പ്രാധാന്യവുമില്ലായിരുന്നു.(സുനൻ നിസാഇ, കിതാബുസ്സക്കാത്ത്, ഹദീഥ് 2528)

ബാഹ്യമായി നോക്കുമ്പോൾ ഒരു ലക്ഷം ദിർഹം വൻ തുകയാണ്. പക്ഷേ, ഈ സാധുവിന്റെ ത്യാഗാവേശത്തിന്നെതിരിൽ ആ ഒരു ലക്ഷം ദിർഹമിന് അല്ലാഹുവിന്റെ പക്കൽ ഒരു പ്രാധാന്യവുമില്ലായിരുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ പക്കൽ ത്യാഗത്തിന്റെ നിലവാരം മനോഭാവത്തിൽ അധിഷ്ഠിതമാണ്. തുകയുടെ വലുപ്പത്തിലല്ല.
ജമാഅത്ത് സാധുക്കളിൽനിന്ന് ചന്ദ വാങ്ങുന്നുവെന്ന് ചിലർ പറയുന്നു. എനിക്ക് ചിലപ്പോൾ ചിലർ ചിലർ എഴുതുകയും ചെയ്യാറുണ്ട്. എന്നാൽ, ഇത് ശരിയല്ല. ഇവർ മനസ്സിടുങ്ങിയവരാണ്. ഇവർക്ക് തങ്ങളുടെ ഭൗതികമായ മുൻഗണനകളുണ്ട്. തങ്ങളുടെ ആഗ്രഹം പൂർത്തിയാക്കാൻ മറ്റുള്ളവരുടെ പേരെടുത്ത് പറയുകയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജമാഅത്തിലെ ഭൂരിപക്ഷവും ത്യാഗം ചെയ്യുന്നവരാകുന്നു. ഇവർ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ത്യാഗങ്ങൾ മുന്നിൽവച്ചുകൊണ്ട് സ്വയം ത്യാഗം ചെയ്യാനാഗ്രഹിക്കുന്നു. പറയാതെതന്നെ അവർ ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ ആത്മാർഥരായ ആളുകളുടെ ത്യാഗങ്ങളെ പ്രാവർത്തികമാക്കിക്കൊണ്ട് ഇന്നും അത്തരം മാതൃകകൾ നമുക്ക് കാണാൻ കഴിയും. ഞാൻ പറഞ്ഞുവന്നതുപോലെ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അത് ഞാൻ വിവരിക്കാറുമുണ്ട്. അവർ അത്ഭുതാവഹമായ നിലയിൽ സാമ്പത്തികത്യാഗം ചെയ്യുന്നു. ആഫ്രിക്കയിലെ വിദൂരദേശത്ത് വസിക്കുന്ന നിസ്വാർഥരായ ആളുകളും ഇസ്‌ലാമിന്റെ പ്രചാരണത്തിനും ദീനിന്റെ വിജയത്തിനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളാകാൻ ആഗ്രഹിക്കുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താഴെപറയുന്ന നിർദ്ദേശത്തെ മുന്നിൽവച്ചുകൊണ്ട് ത്യാഗങ്ങൾ ചെയ്യുന്നവരാണ്. ആ മഹാത്മാവ് പറയുന്നു:

> സമ്പത്തിനേയും അല്ലാഹുവിനേയും ഒരുമിച്ച് സ്നേഹിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. നിങ്ങൾക്ക് ഒന്നിനെ മാത്രമേ സ്നേഹിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവർ അനുഗ്രഹീതർ. നിങ്ങളിലാരെങ്കിലും അല്ലാഹുവിനെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ അയാളുടെ സമ്പത്തിൽ മറ്റുള്ളവരുടേതിനെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം ചൊരിയപ്പെടുമെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു. കാരണം സമ്പത്ത് സ്വയമേവ വരുന്നതല്ല. ആയതിനാൽ അല്ലാഹുവിനുവേണ്ടി സമ്പത്തിലെ ചില ഭാഗങ്ങൾ ഒഴിവാക്കുകയാണെങ്കിൽ അയാൾക്ക് തീർച്ചയായും അത് ലഭിക്കുന്നതാണ്.

(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 3, പേജ് 497)

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനമാകുന്നു. എങ്ങനെയാണ് ജനങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ നൽകിയതെന്നും പിന്നെങ്ങനെയാണ് അല്ലാഹു ഉടൻതന്നെ മടക്കി നൽകിയതെന്നുമുള്ള ദൃശ്യങ്ങൾ ഇന്നും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഒരേ സ്ഥലത്ത് ഒരേ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരാണെങ്കിലും അല്ലാഹു അഹ്മദിയുടെ സമ്പത്തിൽ അനുഗ്രഹം നൽകുന്നു. മറ്റുള്ളവർക്ക് പ്രസ്തുത അനുഗ്രഹം ലഭിക്കുന്നില്ല. ഇക്കാര്യങ്ങൾ പിന്നെ അവരുടെ വിശ്വാസവും വർധിക്കുന്നതിന് നിമിത്തമായിത്തീരുന്നു. ഞാൻ പറഞ്ഞുവന്നതുപോലെ ആത്മാർഥരായ ചില ആളുകളുടെ ഉദാഹരണങ്ങൾ കേൾപ്പിക്കാം:

റിപ്പബ്ലിക് ഓഫ് സെൻട്രൽ ആഫ്രിക്കയിലെ ഡാംബാല എന്ന സ്ഥലത്തുള്ള ഒരു നവ അഹ്മദിയാണ് ഈസാ സാഹിബ്. അദ്ദേഹം പറയുന്നു: ഞാൻ 9 മാസം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. 2016 മുതൽ എന്റെ കൈയിൽ ഒരു പ്ലോട്ട് (ഭൂമി) ഉണ്ടായിരുന്നു. അത് ഞാൻ വീട് വെക്കാൻവേണ്ടി വാങ്ങിയതായിരുന്നു. പക്ഷേ, വീട് വെക്കാൻ മാത്രം തുക സ്വരുക്കൂട്ടാൻ കഴിയുന്നുണ്ടായിരുന്നില്ല. ജമാഅത്തിൽ ചേർന്നപ്പോൾ ചന്ദയുടെ പ്രാധാന്യത്തേയും അനുഗ്രഹത്തേയും പറ്റി കേട്ടിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ സാധ്യമായ ചെറിയ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. അതുമുഖേന അല്ലാഹു കാര്യങ്ങൾ എളുപ്പമുള്ളതാക്കിത്തീർക്കുമെന്നും സമ്പത്തിലും സന്തതികളിലും അഭിവൃദ്ധി നൽകുമെന്നും കേട്ടിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ ചിന്തിച്ചത് ഞങ്ങൾ അനഹ്മദികളായിരുന്നപ്പോൾ ഒരിക്കൽ പോലും ചന്ദ കൊടുക്കുകയോ ആരും അതേപറ്റി ആഹ്വാനം നടത്തുകയോ ചെയ്തിട്ടില്ല. പുതിയ അഹ്മദികളോട് പൊതുവിൽ തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദകളെ പറ്റിയാണ് പറയാറുള്ളത്. എന്നോടു പറഞ്ഞപ്പോൾ ഞാൻ വഖ്ഫെ ജദീദ് ചന്ദ പൂർണമായും അടച്ചുതീർത്തു. അല്ലാഹു അതിന് നൽകിയ പ്രതിഫലം നോക്കുക. ഒരു സുഹൃത്ത് വീടുണ്ടാക്കാൻ 10,000 ഇഷ്ടികകൾ ഉണ്ടാക്കിത്തരാമെന്നേറ്റു. പിന്നെ ഉണ്ടാക്കിത്തരികയും ചെയ്തു. അവിടെ സിമന്റുകൊണ്ട് ബ്ലോക്ക് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വീട് നിർമാണം പൂർത്തിയായി. വർഷങ്ങളായി ഞാൻ അത് പൂർത്തിയാക്കാൻ കാത്തിരിക്കുകയായിരുന്നു. വീടും പൂർത്തിയായി. അദ്ദേഹം പറയുന്നു: ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് ഉണ്ടായതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എനിക്ക് അതിനുള്ള കഴിവ് ഉണ്ടായിരുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം അത് അസാധ്യമായിരുന്നു.
കസാഖ്സ്ഥാൻ, പഴയ സോവിയറ്റ് റഷ്യയുടെ ഒരു സ്റ്റേറ്റാകുന്നു. അവിടെയുള്ള ദൗറീൻ സാഹിബ് പറയുന്നു: ഏതാനും ദിവസം മുമ്പേ മുഅല്ലിം സാഹിബ് ഈ വർഷം താങ്കളുടെ ഭാര്യയുടെ വഖ്ഫെ ജദീദ് ചന്ദ വളരെ കുറവാണെന്നും ലിസ്റ്റിൽ അവസാനമാണെന്നും സാധ്യമെങ്കിൽ കുറഞ്ഞത് 5000 ടെൻഗെ തന്നെ കൊടുക്കണമെന്നും പറഞ്ഞ് എന്നിൽ സമ്മർദ്ദം ചെലുത്തി. ഞാൻ ചിന്തിച്ചു. എന്റെ ഭാര്യ ഗർഭിണിയാണ്. ഓപ്പറേഷനും നടക്കാനുണ്ട്. എന്തായാലും 15000 ടെൻഗെ കൊടുക്കാമെന്ന് കരുതി. അങ്ങനെ ഞാൻ തുക അയച്ച ഉടൻതന്നെ ഏകദേശം 20 മിനിറ്റിനുശേഷം എനിക്ക് സ്കൂളിൽനിന്ന് സന്ദേശം വന്നു. കാരണം ഞാനൊരു അനാഥ കുട്ടിയെ എടുത്തു വളർത്തുന്നുണ്ട്. എനിക്കാണെങ്കിൽ മക്കളും കൂടുതലുണ്ട്. അതുകൊണ്ട് അവിടെയുള്ള സർക്കാർ ഒരു ലക്ഷം ടെൻഗെ എനിക്കു തരാൻ തീരുമാനിച്ചിരിക്കുന്നു. ഇത് എന്റെ ഈമാനിന്റെ വർധനവിന് കാരണമായിത്തീർന്നു. ഞാൻ നല്കിയത് അല്ലാഹു ഉടൻതന്നെ എനിക്ക് തിരിച്ചു നൽകുകയുണ്ടായി.

കിർഗിസ്ഥാൻ മറ്റൊരു സ്റ്റേറ്റാണ്. അവിടെ ഉർമത്ത് സാഹിബ് സ്വർണഖനിയിലാണ് ജോലി ചെയ്യുന്നത്. ആറുമാസം കൂടുമ്പോഴാണ് ചന്ദ കൊടുത്തിരുന്നത്. അദ്ദേഹം കഴിഞ്ഞവർഷം അവസാന ആറുമാസത്തെ ചന്ദ ശറഹിനേക്കാളുമധികം 6000 സോം കൊടുത്തു. ഇത് അവിടെയുള്ള കറൻസിയാണ്. ചോദിച്ചപ്പോൾ പറഞ്ഞു: ലോകത്ത് മുഴുവനും വിലവർധനയാണ്. ജമാഅത്തിന്റെ ചെലവും വർധിച്ചിട്ടുണ്ടാകും. അതുകൊണ്ട് ഞാൻ ശറഹിനേക്കാൾ കൂടുതൽ ചന്ദ നൽകുകയാണ്. ഈ വർഷവും അദ്ദേഹം ആദ്യത്തെ ആറുമാസത്തെ ചന്ദ കൊടുത്തപ്പോൾ 6000 സോം അധികം നൽകുകയുണ്ടായി. അങ്ങനെ അദ്ദേഹം 40% അധികം ചന്ദ തരികയുണ്ടായി. ഇത് അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നതിനുള്ള ഉദാഹരണമാകുന്നു. ആരും അദ്ദേഹത്തോട് ആവശ്യപ്പെട്ടതല്ല. മറിച്ച് ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് സ്വന്തം നിലയ്ക്കുതന്നെ കൂടുതൽ നൽകാൻ ശ്രമിക്കുകയാണുണ്ടായത്.

ആളുകൾ പറയുന്നു, എന്തിനാണ് ചോദിക്കുന്നതെന്ന്. നമ്മൾ ചോദിക്കാറില്ല. അല്ലാഹുവിന്റെ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDULAMEER
AHMADIYYA JAMA-ATH PATHAPPIRIYAM, KERAIA

മാർഗത്തിൽ ചെലവഴിക്കുക എന്ന സന്ദേശം നൽകുക മാത്രമാണ് ചെയ്യുന്നത്.

ഫിലിപ്പിൻസ് എന്ന മറ്റൊരു രാജ്യം വളരെ ദൂരെ ദിക്കിലുള്ള പ്രദേശമാണ്. അവിടെയുള്ള മുബല്ലിഗ് പറയുന്നു: ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദർ വിവരിക്കുന്നു. ഞാൻ വാഗ്ദാനമനുസരിച്ച് വഖ്ഫെ ജദീദിന്റെ ചന്ദ കൊടുത്തുതീർത്തിരുന്നു. പക്ഷേ, വർഷം അവസാനിക്കുകയായിരുന്നു. വാഗ്ദാനത്തേക്കാൾ കൂടുതൽ നൽകണമെന്ന് മനസ്സിൽ ആഗ്രഹമുണ്ടായി. അങ്ങനെ ഞാൻ എന്റെ പരേതാത്മാക്കളായ മാതാപിതാക്കളുടെയും ഭാര്യാപിതാവിന്റേയും പേരിൽ 1000 പെസോ വഖ്ഫെജദീദ് ചന്ദ കൊടുത്തു. ഞാൻ ആ സമയത്ത് പ്രാദേശിക മുൻസിപ്പാലിറ്റിയിൽ റിസ്ക് റിഡക്ഷൻ മാനേജരായി കോൺട്രാക്ട് ബേസിൽ ജോലി ചെയ്യുകയായിരുന്നു. പുതുവർഷത്തെ അവധിക്കുശേഷം തിരികെ ജോലിക്കെത്തിയപ്പോൾ തദ്ദേശമേയർ എന്റെ ജോലി സ്ഥിരപ്പെടുത്തി. എന്റെ ശമ്പളവും ഇരട്ടിയാക്കി. ഞാനാകട്ടെ കഴിഞ്ഞ നാലുവർഷമായി കോൺട്രാക്ട് ബേസിൽ ജോലി ചെയ്യുകയായിരുന്നു. നിരന്തരം അപേക്ഷ കൊടുത്തിട്ടും ജോലി സ്ഥിരപ്പെടുന്നുണ്ടായിരുന്നില്ല. അദ്ദേഹം പറയുന്നു: ഇതു ഞാൻ ചെയ്ത ത്യാഗത്തിന്റെ ഫലമാകുന്നു. തീർച്ചയായും അല്ലാഹു നമ്മുടെ ചിന്താഗതികൾക്ക് അതീതമായി നൽകുന്നവനാകുന്നു.

ആഫ്രിക്കൻ രാജ്യമായ കാമറൂണിലെ മുറബ്ബി പറയുന്നു: അവിടെ യൂസുഫ് എന്ന ഒരു യുവാവ് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. വളരെ പാവപ്പെട്ട മനുഷ്യനാണ്. മോട്ടോർ സൈക്കിളിൽ യാത്രക്കാരെ കൊണ്ടുപോകുകയാണ് ജോലി. മുഹമ്മദ് യൂസുഫ് സാഹിബ് പറയുന്നു: ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം മുറബ്ബി സാഹിബ് പറയുന്നതിനനുസരിച്ച് കുറച്ച് ചന്ദയായി കൊടുത്ത് തുടങ്ങിയിരുന്നു. അങ്ങനെ എന്റെ അവസ്ഥകൾ മാറാൻ തുടങ്ങി. എന്റെ മനസ്സ് നല്ല സമാധാനത്തിലാണ്. എന്റെ ജീവിതത്തിൽ കാര്യങ്ങൾ എളുപ്പമുള്ളതായി തീർന്നിരിക്കുന്നു. യഥാർഥ സംഗതി മനഃസമാധാനമാണ്. അദ്ദേഹം പറയുന്നു: ചന്ദ കൊടുക്കുന്നതുകൊണ്ട് എന്റെ മനസ്സും സംതൃപ്തമാണ്. ഇനി ഞാൻ വഖ്ഫെ ജദീദ് മാത്രമല്ല മറിച്ച് അനിവാര്യമായ എല്ലാ ചന്ദകളിലും ഭാഗഭാക്കാകുമെന്ന് തിരുമാനിച്ചിരിക്കുന്നു. കാരണം അതിൽ എനിക്കും എന്റെ കുടുംബത്തിനും അനുഗ്രഹമുണ്ട്. എനിക്ക് ആത്മസംതൃപ്തി കിട്ടിയത് ഇമാം മഹ്ദി(അ)ന്റെ അനുഗ്രഹമാകുന്നു. ഞാൻ സന്തോഷവാനും സംതൃപ്തനുമാകുന്നു. ഇങ്ങനെയാണ് അല്ലാഹു സഹായികളെ സൃഷ്ടിക്കുന്നത്.

ടാൻസാനിയ പശ്ചിമാഫ്രിക്കയിലെ ഒരു രാജ്യമാണ്. അവിടെ റുവുമാ റീജ്യണിലെ യുവാവായ മലാവെ സാഹിബ് പറയുന്നു:എനിക്ക് 27 വയസ്സാണ്. ഞാൻ ചന്ദയുടെ നിരവധി അനുഗ്രഹങ്ങൾ കണ്ടിട്ടുണ്ട്. കൃഷിപ്പണിയാണ് ചെയ്യുന്നത്. അദ്ദേഹം പറയുന്നു: ഈ വർഷം എന്റെ വഖ്ഫെ ജദീദ് ചന്ദ കൊടുത്തുവീട്ടാനുള്ള നിയ്യത്തിൽ ഞാൻ എന്റെ വിളകൾ, ബന്ധപ്പെട്ട ഓഫീസിൽ വേഗത്തിൽ കൊണ്ടുകൊടുക്കുകയുണ്ടായി. അതായത് ഉണ്ടായ വിളകൾ സർക്കാരിന് വിൽപന നടത്തി. ഞാൻ കുറച്ച് ദിവസം കൂടി കാത്തിരുന്നുവെങ്കിൽ എന്റെ വിളവിന് കൂടുതൽ വില കിട്ടുമായിരുന്നു. പക്ഷേ, എന്റെ ചന്ദ കൊടുക്കാൻ കഴിയുമായിരുന്നില്ല. സമയം കഴിഞ്ഞുപോകുമായിരുന്നു. ഏതായാലും ഞാൻ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അന്ന് കൃഷിക്കാർ നൽകിയതിനേക്കാൾ കൂടുതൽ എനിക്ക് ലഭിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ വഖ്ഫെ ജദീദ് ചന്ദ കൊടുത്തു. ഓഫീസർ എന്നോട് പറഞ്ഞു: ജനങ്ങൾ തങ്ങളുടെ ധാന്യം കൂടുതൽ തുക കിട്ടാൻ കാത്തുനിൽക്കുകയായിരുന്നു. നിങ്ങൾക്ക് നിങ്ങളുടെ വിശ്വസ്തതയ്ക്കുള്ള സമ്മാനമാണ് ലഭിച്ചത്.

പശ്ചിമാഫ്രിക്കയിലെ ടോഗോയിലുള്ള മുബല്ലിഗ് ഇൻ ചാർജ് പറയുന്നു: ഒരു അഹ്മദീ സ്ത്രീയുടെ പക്കൽ വഖ്ഫെ ജദീദ് ചന്ദ കൊടുക്കാൻ പൈസയുണ്ടായിരുന്നില്ല. അവർ തന്റെ വീട്ടിൽ വീട്ടാവശ്യത്തിന് പച്ചക്കറികൾ ഉണ്ടാക്കിയിരുന്നു. അങ്ങനെ അവർ പ്രസ്തുത പച്ചക്കറികൾ ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും തന്റെ നാഥനോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ട് വഖ്ഫെ ജദീദ് ചന്ദ കൊടുക്കുകയും ചെയ്തു. വളരെ നിസ്സാരമായ കാര്യമാണ്. ഈ ഉദാഹരണങ്ങൾ സ്വഹാബാക്കൾ ബസാറിൽപോയി വേല ചെയ്തുകൊണ്ടും അല്ലെങ്കിൽ ഹാഫിള് സാഹിബ് ഉപഹാരമായി കിട്ടുന്നത് കൊടുത്തുകൊണ്ടും ചെയ്തതുപോലെയുള്ളതാണ്.അതുപോലെ മറ്റൊരു അംഗം ഹംസ സാഹിബിന്റെ പക്കൽ വഖ്ഫെജദീദ് ചന്ദ കൊടുക്കാൻ പൈസയില്ലായിരുന്നു. അദ്ദേഹം തന്റെ പക്കലുണ്ടായിരുന്ന കോഴികളെ വിറ്റ് ചന്ദ കൊടുക്കുകയുണ്ടായി. സാധുക്കളായ ആളുകൾ അല്ലാഹുവിന്റെ തൃപ്തി ലാക്കാക്കി ത്യാഗങ്ങൾ ചെയ്യുന്നു. ഇവർ തന്നെയാണ് മുൻകാല മഹാത്മാക്കളുടെ ഓർമകൾ സജീവമാക്കുന്നവർ.

ഇന്തൊനേഷ്യയിലെ സുഹൃത്തായ ഈമാൻ ഹിദായത്ത് സാഹിബ് പറയുന്നു: ഞാൻ ജന്മനാ അഹ്മദിയാകുന്നു. ആദ്യം ഞാൻ ഒരു അംഗമെന്ന നിലക്ക് മാത്രമാണ് ചന്ദ കൊടുത്തിരുന്നത്. അഹ്മദിയായതുകൊണ്ട് ചന്ദ കൊടുക്കണമെന്ന ഒരു ശീലമുണ്ടായിരുന്നു. തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് എന്നീ ധനത്യാഗങ്ങളിൽ ഭാഗഭാക്കായിരുന്നില്ല. അതിൽ എന്റെ എല്ലാ സഹോദരന്മാരും ഈ രണ്ട് സാമ്പത്തികാഹ്വാനങ്ങളെ പറ്റിയും എന്നെ ഉണർത്തിക്കൊണ്ട് പറഞ്ഞു: ജമാഅത്തിലെ അംഗമായതുകൊണ്ട് മാത്രം ചന്ദ കൊടുത്താൽപോരാ. മറിച്ച് നമ്മൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ സാമ്പത്തികത്യാഗത്തിൽ പങ്കെടുക്കേണ്ടതാണ്. അങ്ങനെ എന്റെ ഉള്ളിലും തഹ്‌രീക്കെജദീദിലും വഖ്ഫെ ജദീദിലും പങ്കെടുക്കുന്നതിൽ താൽപര്യമുണ്ടായി. ഞാൻ രണ്ടു പദ്ധതിയിലും സാമ്പത്തിക ത്യാഗം ചെയ്യാൻ തുടങ്ങി. അവയിൽ പങ്കെടുത്തതിനുശേഷം ഞാനെന്റെ ജീവിതത്തിൽ വളരെ വലിയ മാറ്റം അനുഭവിച്ചു. ഞാൻ അല്ലാഹുവിനെ അടുത്തുകാണുന്നു. എനിക്കു ജമാഅത്തിന്റെ ഉത്തരവാദിത്വവും നല്കപ്പെട്ടു. ഇപ്രകാരം ജീവിതവിഭവത്തിന്റെ കാര്യത്തിലും അല്ലാഹു തന്റെ സ്നേഹം പ്രകടിപ്പിച്ചു. എല്ലാത്തിനെക്കാളുമുപരി, നിങ്ങൾ എന്റെയടുത്ത് നടന്നുവരികയാണെങ്കിൽ ഞാൻ നിങ്ങളുടെ അടുത്ത് ഓടിവരുന്നതായിരിക്കും എന്ന അല്ലാഹുവിന്റെ വാക്ക് പുലർന്നു കാണുന്നു. ഇതിനെ ഞാൻ ചന്ദയുടെ ബർക്കത്തുകൊണ്ട് പൂർത്തിയാകുന്നതായാണ് കാണുന്നത്.

ആസ്ത്രേലിയായിലെ മെൽബണിലുള്ള ഒരു സുഹൃത്ത് തന്റെ ഒരു സംഭവം എഴുതുന്നു: വഖ്ഫെജദീദിന്റെ സാമ്പത്തികവർഷം അവസാനിക്കാറായപ്പോൾ, സാമ്പത്തികമായി ശേഷിയുള്ളവർ വഖ്ഫെ ജദീദ് ചന്ദയിൽ ചുരുങ്ങിയത് 5000 ഡോളർ നൽകണമെന്ന് വിളംബരമുണ്ടായി. അദ്ദേഹം പറയുന്നു: ഞാൻ വഖ്ഫെജദീദിൽ 4000 ഡോളർ കൊടുത്തിട്ടുണ്ടായിരുന്നു. എന്റെ പക്കൽ 5000 ഡോളർ ഇല്ലായിരുന്നു. പക്ഷേ, വഖ്ഫെ ജദീദിൽ 5000 ഡോളർ കൊടുക്കണമെന്ന് എന്റെ മനസ്സിൽ വലിയ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ദുആയിലേക്ക് ശ്രദ്ധയുണ്ടായി. അദ്ദേഹം പറയുന്നു. ഞാൻ ദുആ ചെയ്തു. കച്ചവടമാണ് ഞാൻ ചെയ്തിരുന്നത്. ചെറിയരീതിയിലുള്ള കച്ചവടമായിരുന്നു. ഒരു ദിവസം ഓഫീസിൽ ബ്രേക്ക് സമയത്ത് പുറത്തിറങ്ങിയപ്പോൾ ഞാൻ ചന്ദയിലെങ്ങനെ ഭാഗഭാക്കാകും, അല്ലാഹുവേ എനിക്ക് തൗഫീഖ് നൽകണേ എന്ന് ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ തിരിച്ചുവന്നപ്പോൾ എന്റെ കച്ചവടപങ്കാളിയായ ക്രിസ്ത്യൻ സുഹൃത്ത് ഓഫീസിൽ വന്നു. കതക് അടച്ചു. എന്നിട്ട് വലിയ സന്തോഷത്താൽ ഹസ്തദാനം ചെയ്തുകൊണ്ട് പറഞ്ഞു. ഒരു വലിയ വാർത്തയുണ്ട്. വിശദീകരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു. ഒരു പുതിയ കച്ചവടത്തിന് ഒരാൾ സെറ്റ്അപ്പിന് അപേക്ഷിച്ചിരിക്കുന്നു. അതിന്റെ ഫീസ് 30,000 ആകുന്നു. 15,000 വീതം നമുക്ക് രണ്ടുപേർക്കും കിട്ടും. അദ്ദേഹം പറയുന്നു: എന്റെ ദുആ സ്വീകരിക്കപ്പെട്ടുവെന്ന് എനിക്ക് അപ്പോൾത്തന്നെ ബോധ്യമായി. ഞാൻ എന്റെ ബിസിനസ്സ് പങ്കാളിയോടു ഞാനെന്താണ് ദുആ ചെയ്തതെന്നും അല്ലാഹു എങ്ങനെയാണ് സഹായിച്ചതെന്നും ഇത് അവൻ എന്റെ ദുആക്ക് മറുപടി തന്നതാണെന്നും പറയുകയുണ്ടായി. അപ്പോൾ അദ്ദേഹം (പാർട്ട്ണർ) പറഞ്ഞു: ചാരിറ്റിക്ക് വേണ്ടി 5000 ഡോളർ വളരെ കൂടുതലാണ്. ഏതായാലും നിങ്ങളുടെ പ്രാർഥന കാരണം എനിക്കും പ്രയോജനം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് ഞാനും അതിൽ പങ്കാളിയാകാം. നിങ്ങൾ കൊടുക്കുന്ന തുകയിൽ പകുതി ഞാൻ തരാം. എന്നാൽ, ഞാൻ അദ്ദേഹത്തോട് പറഞ്ഞു. വേറെയും പല നന്മയുള്ള പദ്ധതികളുമുണ്ട്. അതിൽ നിങ്ങൾക്ക് പങ്കെടുക്കാം. ഈ 5000 വഖ്ഫെ ജദീദിനുള്ളതാണ്. അത് ഞാൻതന്നെ കൊടുക്കേണ്ടതാണ്. ഏതായാലും അല്ലാഹു എന്റെ ദുആയും ആഗ്രഹവും സ്വീകരിച്ചുകൊണ്ട് എന്നിൽ ഔദാര്യം ചൊരിയുകയുണ്ടായി.

ഫിജിയും വളരെ വിദൂരമായ ഒരു സ്ഥലമാണ്. അവിടെയുള്ള നവഅഹ്മദി സയ്നുൽ ബേഗ് സാഹിബ് രണ്ട് മൂന്നു വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. പ്രാരംഭത്തിൽ സാമ്പത്തിക പദ്ധതികളിൽ ചേർത്തപ്പോൾ വളരെ നിസ്സാര തുകയാണ് വാഗ്ദാനം ചെയ്തിരുന്നത്. പിന്നെ കുറച്ച് കഴിഞ്ഞപ്പോൾ ചന്ദ ആമിലും ചേർക്കുകയുണ്ടായി. എന്നാൽ, ഈ വർഷം എന്റെ ഖുത്ബകൾ കേട്ടപ്പോൾ സംവിധാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം സ്വന്തം നിലയ്ക്കുതന്നെ തഹ്‌രീക്കെജദീദ്, വഖ്ഫെ ജദീദ് ചന്ദകൾ വർധിപ്പിച്ചു. പത്തിരട്ടി അധികമാക്കി. അത് കൊടുത്തുവീട്ടുകയും ചെയ്തു. പിന്നെ ആം ചന്ദയെ പറ്റിയാണെങ്കിൽ ആഴ്ചതോറുമുള്ള വരുമാനത്തിന് 1/16 തോതനുസരിച്ച് കൊടുക്കാൻ വാഗ്ദാനം ചെയ്യുകയും കൃത്യമായി എല്ലാ ആഴ്ചയും തന്റെ സമ്പത്തിൽനിന്ന് എല്ലാ ചന്ദകളും കൊടുത്തുവരികയും ചെയ്യുന്നു. ഈ നവഅഹ്മദി പറയുന്നു: ഞാൻ ചന്ദ വർധിപ്പിച്ചപ്പോൾ എന്റെ ജോലിയിൽ പ്രമോഷൻ കിട്ടുകയുണ്ടായി. 2024-മുതൽ ശമ്പളത്തിലും വർധന ഉണ്ടാകുന്നതാണ്. ഇൻശാഅല്ലാഹ്. അദ്ദേഹം പറയുന്നു: ആർക്കെങ്കിലും ചന്ദയുടെ അനുഗ്രഹം അറിയണമെന്നുണ്ടെങ്കിൽ എന്നോട് ചോദിക്കുവിൻ.

മൈക്രോനേഷ്യയിലെ മുബല്ലിഗ് സാഹിബ് പറയുന്നു: ഇവിടെയുള്ള നവഅഹ്മദിയായ സയ്മൺ സാഹിബിനോട് സാമ്പത്തിക ത്യാഗം സംബന്ധിച്ച് ഉണർത്തിക്കൊണ്ട് പറഞ്ഞു. ഈ ചന്ദ നമ്മൾ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാനാണ് നൽകുന്നത്. ഇതൊരു ടാക്സ് അല്ല. അല്ലാഹു ഇത് ഏറ്റവും നല്ല കടമാണെന്നാണ് പറയുന്നത്. അങ്ങനെ അദ്ദേഹം ഓരോ ആഴ്ചയും ചന്ദ കൊടുത്തുതുടങ്ങി. കുറച്ചുകാലത്തിനു

ശേഷം പറഞ്ഞു. ഞാൻ ചർച്ചിൽപോയി പൈസ കൊടുത്തിരുന്ന കാലത്ത് ജീവിതത്തിൽ ഒരു മാറ്റവുമില്ലായിരുന്നു. എന്നാൽ, ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ സാമ്പത്തികത്യാഗം ചെയ്തു തുടങ്ങിയപ്പോൾ അല്ലാഹു എന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചിരിക്കുന്ന മാർഗങ്ങൾ കാണുമ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോകുകയാണ്. ചില സമയത്ത് നിരവധി ആവശ്യങ്ങളുണ്ടാകും. പെട്ടെന്ന് ആരെങ്കിലും പത്ത് പൈസതന്നു പോകുകയും ചെയ്യുന്നു. ചിലപ്പോൾ ഭക്ഷണത്തിന് വിഷമമുണ്ടാകുമ്പോൾ, വീട്ടിൽ ഇരിക്കുന്ന അവസ്ഥയിൽത്തന്നെ അല്ലാഹു ആരെങ്കിലും മുഖേന ആവശ്യം പൂർത്തിയാക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സയ്മൺ സാഹിബ് തന്റെ കഴിവിന്നതീതമായി സാമ്പത്തികത്യാഗം ചെയ്തുവരുന്നു.

ടാൻസാനിയ അമീർ സാഹിബ് പറയുന്നു: ഇവിടെയുള്ള ബശീർ സാഹിബ് വഖ്ഫെ ജദീദിൽ തന്റേയും ഫാമിലിയുടേയും 40,000 ഷില്ലിംഗ് ചന്ദ നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യ ചോദിച്ചു: നമ്മുടെ വീടിന്റെ അവസ്ഥ മെച്ചപ്പെട്ടതല്ല, എന്നിട്ടും എന്തിനാണ് ഇത്രയധികം തുക ചന്ദയിൽ കൊടുത്തത്? അദ്ദേഹം പറഞ്ഞു: വ്യാകുലപ്പെടേണ്ട, അല്ലാഹു അവന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നവരെ ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. അവൻ തീർച്ചയായും അത് വർധിപ്പിച്ച് മടക്കിത്തരുന്നതാണ്. അങ്ങനെ ഏതാനും ദിവസങ്ങൾക്കകം അദ്ദേഹത്തിന് വിവിധ മാർഗങ്ങളിലൂടെ ലഭിച്ച ജോലികൾ കാരണം ചന്ദയിൽ കൊടുത്ത തുക തിരിച്ചുകിട്ടുക മാത്രമല്ല അതിനേക്കാൾ കൂടുതൽ വരുമാനവുമുണ്ടായി. അദ്ദേഹം പറയുന്നു: എനിക്ക് നേരത്തേയും ഇതിനെപ്പറ്റി ബോധ്യമുണ്ടായിരുന്നു. എന്റെ ഭാര്യയും ഇപ്പോൾ തന്റെ കണ്ണുകൾകൊണ്ട് ചന്ദയുടെ അനുഗ്രഹങ്ങൾ കാണുകയുണ്ടായി. അവരുടേയും ഈമാൻ വർധിക്കുകയും ചെയ്തു.

ജർമൻ നാഷണൽ വഖ്ഫെ ജദീദ് സെക്രട്ടറി പറയുന്നു: മയിൻസ് ജമാഅത്തിലെ ഒരു വിദ്യാർഥി തന്റെ സ്റ്റൈഫന്റിനുവേണ്ടി സർക്കാരിന് ഒരു അപേക്ഷ കൊടുത്തിരുന്നു. പഠനത്തിന് കുറച്ച് പൈസ ആവശ്യമായിരുന്നു. അദ്ദേഹം പറയുന്നു: എന്റെ സെമിസ്റ്റർ ആരംഭിക്കുകയാണ്. പൈസയുടെ കുറവുണ്ട്. മറുഭാഗത്ത് വഖ്ഫെജദീദ് വർഷം തീരുകയാണ്. എന്റേയും കുടുംബത്തിന്റേയും വാഗ്ദാനങ്ങൾ പൂർത്തിയാക്കാനുണ്ടായിരുന്നു. ഏതായാലും ഞാൻ അപേക്ഷ കൊടുത്തിരുന്നു. സ്റ്റൈപ്പന്റിന്റെ തുക കിട്ടുമ്പോൾ നൽകാമെന്ന് കരുതി. സർക്കാരിന്റെ ഭാഗത്തുനിന്ന് നിഷേധഭാവത്തിലാണ് മറുപടി കിട്ടിയത്. കൈയിലുണ്ടായിരുന്ന തുക അദ്ദേഹം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ചന്ദയിൽ നൽകി. അതിനുശേഷം സെമിസ്റ്റർ പൂർത്തിയാക്കി. നല്ല മാർക്കോടെ അല്ലാഹു വിജയം നൽകി. ബന്ധപ്പെട്ട ഓഫീസ് ആദ്യം നിഷേധഭാവം കാണിച്ചെങ്കിലും 4000 യൂറോക്ക് തത്തുല്യമായ തുക എന്റെ അക്കൗണ്ടിൽ ഇട്ടുതന്നു. അദ്ദേഹം പറയുന്നു. ഇത് സാമ്പത്തിക ത്യാഗം കൊണ്ടാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഇന്ത്യയിലെ സാവന്ത്വാടിയിലുള്ള അഹ്മദി സിറാജ് സാഹിബ് പറയുന്നു: ഞാൻ സാമ്പത്തികത്യാഗത്തിന്റെ അനുഗ്രഹങ്ങൾ എന്റെ കണ്ണുകൾകൊണ്ട് കണ്ടിട്ടുള്ളതാണ്. കോവിഡ് കാരണം വഖ്ഫെ ജദീദ് ചന്ദ കുടിശ്ശികയായിരുന്നു. രണ്ടുമൂന്ന് വർഷമായി അദ്ദേഹത്തിന്റെ തോട്ടത്തിലെ വിറകു് മഴ കാരണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. വാങ്ങാമെന്ന് പറഞ്ഞ് വാഗ്ദാനം ചെയ്ത ആൾ പണം തരുന്നുണ്ടായിരുന്നില്ല. ഏതായാലും അദ്ദേഹം വാങ്ങാൻ ആളെ അന്വേഷിച്ചുകൊണ്ടിരുന്നെങ്കിലും ആരേയും കിട്ടിയില്ല. അദ്ദേഹം പറയുന്നു: വഖ്ഫെ ജദീദ് ഇൻസ്പെക്ടർ വന്ന് ചന്ദ കൊടുക്കാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം 2000 രൂപ ഉടൻതന്നെ കൊടുത്തു. അദ്ദേഹം പറയുന്നു: വിറകു വാങ്ങാൻ വാഗ്ദാനം ചെയ്ത് പോയ ആൾ രണ്ട് ദിവസത്തിനകം പെട്ടെന്നെത്തി 20,000 രൂപ നൽകി എല്ലാ വിറകു സാധനങ്ങളും കൊണ്ടുപോയി. അദ്ദേഹം പറയുന്നു: ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു രണ്ടായിരം വർധിപ്പിച്ച് 20,000 ആക്കി എനിക്ക് തിരിച്ചുതന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതല്ലെങ്കിൽ വർഷങ്ങളായി നഷ്ടമായിക്കൊണ്ടിരുന്ന വിറകു് തുടർന്നും നഷ്ടമാകാൻ സാധ്യതയുണ്ടായിരുന്നുകനഡയിലെ ലജ്നമെമ്പർ പറയുന്നു: ജനുവരിയിലെ ആദ്യ ആഴ്ച വഖ്ഫെ ജദീദിന്റെ വിളംബരം ചെയ്തപ്പോൾ അവർക്കും തന്റേയും മക്കളുടേയും ചന്ദ കൊടുക്കാൻ ആഗ്രഹമുണ്ടായി. ബാങ്കിന്റെ അവസ്ഥ നോക്കിയപ്പോൾ അവിടെ ഒന്നുമുണ്ടായിരുന്നില്ല. അവർ പറയുന്നു: ഞാൻ ദുആ ചെയ്തു. അല്ലാഹുവേ, എനിക്കും ചന്ദ കൊടുക്കാൻ അദൃശ്യത്തിൽനിന്ന് നീ സംവിധാനമുണ്ടാക്കേണമേ. അതിനുശേഷം ഏതാനും ദിവസത്തിനുശേഷം ബാങ്ക് അക്കൗണ്ട് നോക്കിയപ്പോൾ അതിൽ 300 ഡോളറിന് തുല്യമായ തുകയുണ്ടായിരുന്നു. അത്രയും തുക ഞാൻ എന്റേയും എന്റെ പരേതാത്മാക്കളുടേയും ചന്ദയായി നൽകാൻ ആഗ്രഹിച്ചതായിരുന്നു. ഞാൻ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് അത് ചന്ദയിൽ കൊടുക്കുകയുണ്ടായി.

കനഡയിലുള്ള ഒരു സ്ത്രീ, തന്റെ വാഗ്ദാനം കൂട്ടുകയും എല്ലാം കൊടുത്തുതീർക്കുകയും ചെയ്തിരുന്നു. അടുത്ത ദിവസം ടാക്സ് ഡിപ്പാർട്ട്മെന്റ് അതായത് റെവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് കൂടുതൽ തുകയുടെ ചെക്ക് തിരിച്ചുവരികയുണ്ടായി. അത് 750 ഡോളറായിരുന്നു. അവർ പറയുന്നു: ഞാൻ കൊടുത്തതും ഇത്രയും തുകയായിരുന്നു. ടാൻസാനിയായിലെ നവഅഹ്മദി സ്ത്രീ ആമിന സാഹിബ പറയുന്നു: ബയ്അത്ത് ചെയ്യുകയുണ്ടായി. ഞാൻ അഹ്മദിയ്യത്തിൽ മറ്റു മുസ്ലിമീങ്ങളിൽ നിന്ന് വ്യത്യസ്തമായ സംവിധാനമാണ് കണ്ടത്. സാമ്പത്തിക സംവിധാനത്തിൽ എല്ലാ ചന്ദകൾക്കും രസീതു നൽകുന്നു. ഇത് മറ്റെവിടെയും കാണാൻ സാധ്യമല്ല. അവർ പറയുന്നു: നവംബറിൽ മുഅല്ലിം സാഹിബ് ജുമുഅ ഖുത്ബയിൽ വഖ്ഫെ ജദീദ് ചന്ദയെപ്പറ്റി ഉണർത്തുകയുണ്ടായി. എന്റെ കൈയിലുള്ള പണം മുഴുവനും ഞാൻ ചന്ദയായി കൊടുക്കുകയും ചെയ്തു. എന്റെ വീടിന്റെ അവസ്ഥ അത്ര നല്ലതായിരുന്നില്ല. മകൾ ഗർഭിണിയായിരുന്നു. ആശുപത്രിയിൽ പോകേണ്ട ആവശ്യം നേരിടാവുന്നതാണ്. വീട്ടിലെത്തി രാത്രി ഇശാക്കുശേഷം ഒരാളുടെ ഫോൺ വന്നു. അയാൾ എന്നിൽനിന്ന് രണ്ടുവർഷം മുമ്പേ കുറച്ച് തുക കടമായി വാങ്ങിയിട്ടുണ്ടായിരുന്നു. പിന്നെ ഞാനുമായി കോൺടാക്ട് ചെയ്യുന്നുണ്ടായിരുന്നില്ല. ഇനി തിരിച്ചു കിട്ടുകയില്ലെന്ന് കരുതി ഞാനും അത് മറന്നിരുന്നു. ഏതായാലും അയാൾ ഫോൺ ചെയ്ത് മാപ്പു ചോദിക്കുകയും കാരണങ്ങൾ പറഞ്ഞ് 2000 തിരിച്ചുതരികയും ചെയ്തു. അവർ പറയുന്നു: ഇത്, ഞാനെന്റെ ആവശ്യങ്ങൾ പിന്തള്ളിക്കൊണ്ട് ചെയ്ത സാമ്പത്തികത്യാഗം കാരണം അല്ലാഹു എന്നെ സഹായിച്ചതാണ്. പിന്നെ ഉടൻതന്നെ മകളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ട ആവശ്യവുമുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവളുടെ ചികിത്സയും നടന്നു.

അല്ലാഹു നവാഗതർക്കും സമ്പത്ത് അല്ലാഹുവിൽനിന്നാണ് വരുന്നതെന്ന ചിന്താഗതി പ്രദാനം ചെയ്യുന്നു. ഈ ചിന്താഗതി അഹ്മദികളിൽ മാത്രമാണ് കാണാൻ കഴിയുക.

നൈജർ എന്ന മറ്റൊരു രാജ്യമുണ്ട്. ഇപ്പോൾ അവിടുത്തെ അവസ്ഥകളും വളരെ മോശമാണ്. മുഅല്ലിം സാഹിബ് പറയുന്നു: ഞങ്ങൾ അവിടെ മാറാദി റീജ്യണിൽ പര്യടനത്തിലായിരുന്നു. ജനങ്ങൾ തങ്ങളുടെ കഴിവനുസരിച്ച് വഖ്ഫെ ജദീദിൽ ഭാഗഭാക്കായി. ഒരു അനഹ്മദി പറഞ്ഞു: നിങ്ങൾ ഞങ്ങളുടെ ഗ്രാമത്തിലെ സാധുക്കളായ ആളുകളിൽനിന്ന് പണം വാങ്ങുകയാണ്. ഇപ്പോൾ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ വളരെ മോശമാണെന്ന് നിങ്ങൾക്കറിയാം. മറ്റു മുസ്ലിം സംഘടനകൾ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും കൊണ്ടുവന്നുതരുന്നു. നിങ്ങൾ ഇവരോട് ആവശ്യപ്പെടുകയാണ്. മുഅല്ലിം സാഹിബ് പറയുന്നു: ഞാനെന്തെങ്കിലും മറുപടി നൽകുന്നതിന് മുമ്പേ ഗ്രാമത്തിലെ ഒരു അഹ്മദി എഴുന്നേറ്റ് വളരെ ആവേശത്തോടെ പറഞ്ഞു: മറ്റു മുസ്ലിം സംഘടനകൾ സഹായിക്കുന്നു എന്നത് ശരിയായിരിക്കാം. എന്നാൽ, ഏതെങ്കിലും ഇസ്ലാമിക സംഘടന വന്ന് നമ്മൾക്ക് ഇസ്ലാമിനെപറ്റി പറഞ്ഞുതന്നിട്ടുണ്ടോ? അവരെന്തെങ്കിലും പൊതുജനക്ഷേമ പ്രവർത്തനങ്ങൾ ചെയ്തുപോകുന്നുണ്ടോ? എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് നമുക്ക് ദീൻ പഠിപ്പിച്ചുതരുന്നു. ഇവിടെ മുഅല്ലിം സാഹിബ് പണം സ്വരൂപിക്കാൻ വേണ്ടി വന്നതല്ല. മറിച്ച് ഞങ്ങൾക്ക് സാമ്പത്തികത്യാഗത്തിൽ നബി(സ) തിരുമേനിയുടെ കാലത്തെ സ്വഹാബാക്കൾ കാണിച്ച ആവേശത്തെ പറ്റി പ്രേരണ നൽകാൻ വന്നതാണ്. അതുമുഖേന ഞങ്ങൾ ഭൗതികലോകം മാത്രമല്ല, ആഖിറത്തിലേയും പ്രതിഫലം കരസ്ഥമാക്കുന്നവരാണ്. അതായത് ദൈവപ്രീതി കരസ്ഥമാക്കാൻ ത്യാഗങ്ങളും അനിവാര്യമാണെന്ന തിരിച്ചറിവാണ് അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അവരിലുണ്ടായിട്ടുള്ളത്. പിന്നെ അല്ലാഹുവിന്റെ വമ്പിച്ച അനുഗ്രഹങ്ങളുമുണ്ടാകുന്നു. ഏതായാലും ഇതു കേട്ടപ്പോൾ ആ അനഹ്മദി സുഹൃത്ത് നിശബ്ദനായി.

അല്ലാഹു ലോകത്തിലെ എല്ലാ ദിക്കിലും ആത്മാർഥരായ എത്തരത്തിലുള്ള ആളുകളെയാണ് നൽകിയതെന്ന് നോക്കുക. ഇതൊരു നീണ്ട പട്ടികയാണ്. ഇത്തരം ഒരുപാട് സംഭവങ്ങളുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഏത് വിവരിക്കും,

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ഏത് ഒഴിവാക്കും എന്നതാണ് പ്രയാസകരമായ സംഗതി. ഏതായാലും സമയത്തിനനുസരിച്ച് എല്ലാം എടുക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, ഞാൻ ഒഴിവാക്കിയവരുടേയും ആത്മാർഥതയിലും കൂറിലും ഒരു കുറവുമില്ല. അവർ ദൈവപ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ഈ ത്യാഗങ്ങൾ ചെയ്തത്. എന്നാൽ, അല്ലാഹുവും കടം ബാക്കിവെക്കുന്നില്ല. മറിച്ച് അവരുടെ ഈമാൻ വർധനയ്ക്ക് കാരണമാക്കിത്തീർക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

> എന്റെ പ്രിയസുഹൃത്തുക്കളേ! ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. അല്ലാഹു എനിക്ക് നിങ്ങളുടെ സഹാനുഭൂതിക്കുവേണ്ടി സത്യസന്ധമായ ആവേശം പ്രദാനം ചെയ്തിരിക്കുന്നു. നിങ്ങളുടെ വിശ്വാസത്തിന്റേയും ജ്ഞാനത്തിന്റേയും വർധനയ്ക്കുവേണ്ടി അവൻ എനിക്ക് യഥാർഥ ദിവ്യജ്ഞാനം നൽകിയിരിക്കുന്നു. ഈ ദിവ്യജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും വളരെ അനിവാര്യമായ കാര്യമാകുന്നു. ഞാൻ ഇക്കാര്യത്തിൽ തയ്യാറായി നിൽക്കുകയാണ്. നിങ്ങൾ നിങ്ങളുടെ പരിശുദ്ധ സമ്പത്തിൽനിന്ന് ദീനീപ്രവർത്തനങ്ങൾക്ക് സഹായം നൽകുവിൻ. അല്ലാഹു വിശാലതയും കഴിവും നൽകിയ ആളുകൾ ഈ മാർഗത്തിൽ അമാന്തം കാണിക്കരുത്. തങ്ങളുടെ സമ്പത്തിന് അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും മുൻഗണന നൽകാതിരിക്കുവിൻ!എനിക്ക് സാധ്യമാകുന്നിടത്തോളം ഗ്രന്ഥങ്ങളിലൂടെ ജ്ഞാനങ്ങളും അനുഗ്രഹങ്ങളും ഏഷ്യയിലേയും യൂറോപ്പിലേയും രാജ്യങ്ങളിൽ പരത്തുന്നതാണ്.

(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 516)

ചുരുക്കത്തിൽ ഈ സാമ്പത്തികത്യാഗങ്ങൾ കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഇസ്‌ലാമിക പ്രചാരണം യഥാവിധി നടക്കുന്നു. ആഫ്രിക്കയിൽ കഴിയുന്ന സാധുക്കളായ സാഹചര്യങ്ങൾ കുറവുള്ള അനഹ്മദികൾക്ക് തങ്ങളുടെ ത്യാഗങ്ങളുടെ ഉന്നത നിലവാരംകൊണ്ടുമാത്രം തങ്ങളുടെ രാജ്യങ്ങളിൽ ഏറ്റവും നല്ലരീതിയിൽ ഇസ്‌ലാമിക പ്രചാരണം നടത്താൻ സാധ്യമല്ല. അതുകൊണ്ട് യൂറോപ്പ്, അമേരിക്കപോലുള്ള സമ്പന്ന രാജ്യങ്ങളിലെ വഖ്ഫെ ജദീദ് ചന്ദയുടെ നല്ലൊരു പങ്കും ഈ ദരിദ്രരാജ്യങ്ങളിൽ ജമാഅത്തിന്റെ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്. അല്ലാഹു നമ്മളെ ഏതെങ്കിലും വിധത്തിൽ ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്യുകയും അതിനുവേണ്ടി സദാ സന്നദ്ധരായിരിക്കുകയും ചെയ്യുന്നവരാക്കട്ടെ. ഈമാനിലും ദൃഢവിശ്വാസത്തിലും സാമ്പത്തിലും ആത്മാക്കളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഈ നേരത്ത് ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനത്തോടൊപ്പം സാധാരണയെന്നപോലെ കഴിഞ്ഞ വർഷത്തെ ത്യാഗങ്ങളുടെ കുറച്ചു കണക്കും സമർപിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെജദീദിന്റെ 66-ാം വർഷം അവസാനിച്ചിരിക്കുന്നു. 67-ാം വർഷം ആരഭിച്ചു കഴിഞ്ഞിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോള അഹ്മദിയ്യ ജമാഅത്ത് കഴിഞ്ഞവർഷം ഒരു കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി നാൽപത്തിയൊന്നായിരം പൗണ്ടിന്റെ സാമ്പത്തികത്യാഗം ചെയ്തിരിക്കുന്നു. അതായത് ഏകദേശം 13 മില്യൺ പൗണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ ത്യാഗം ഏഴുലക്ഷത്തി പതിനെട്ടായിരം (7,18,000) പൗണ്ട് അധികമാണ്.

ബ്രിട്ടൺ ഈ വർഷവും ലോക ജമാഅത്തുകളിൽ വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്താണ്. ബ്രിട്ടനുശേഷം രണ്ടാംസ്ഥാനത്ത് കനഡയാണ്. കനഡയും നല്ല വർധന ഉണ്ടാക്കിയിട്ടുണ്ട്. അവർ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ വർധിപ്പിക്കുകയാണ് ചെയ്തത്. ഇതവരുടെ ഈ വർഷത്തെ വളരെ നല്ല ഗുണമാണ്. പിന്നീട് മൂന്നാം സ്ഥാനത്ത് ജർമനിയാണ്. നാലാം സ്ഥനത്ത് അമേരിക്ക, പാക്കിസ്താൻ, ഭാരതം, ആസ്ത്രേലിയ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഇന്തൊനേഷ്യാ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പിന്നീട് ബെൽജിയം.

ആഫ്രിക്കൻ ജമാഅത്തുകളിൽ ഒന്നാം സ്ഥാന മൗറീഷ്യസ്, ഘാന, ബുർക്കിനോ ഫാസോ-അവിടെ അവസ്ഥകൾ വളരെ മോശമാണ് എന്നിട്ടും അവർ ആഫ്രിക്കയിൽ മൂന്നാം സ്ഥാനത്താണ്, ടാൻസാനിയ, നൈജീരിയ, ലൈബീരിയ, ഗാമ്പിയ, മാലി, ഉഗാണ്ട, സിയറലിയോൺ.

പങ്കെടുത്തവരുടെ എണ്ണം: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം 44000 പേർ പുതിയതായി ചേർന്നു. മൊത്തത്തിലുള്ള എണ്ണം 15 ലക്ഷത്തി അമ്പതിനായിരം.ആളുകളെ ചേർക്കാൻ ഈ വർഷം പ്രവർത്തിച്ചവരിൽ കനഡ ഒന്നാം സ്ഥാനത്താണ്. പിന്നീട് ടാൻസാനിയ, കാമറോൺ, ഗാമ്പിയ, നൈജീരിയ, ഗിനി-ബസ്വ, കോംഗോ കൺഷാസാ.

പിരിവിന്റ അടിസ്ഥാനത്തിൽ ബ്രിട്ടണിലെ ആദ്യ പത്ത് ജമാഅത്തുകൾ: ഒന്നാം സ്ഥനത്ത് ഫൺഹം, രണ്ടാമത്തേത് വോസ്റ്റർ പാർക്ക്, മൂന്നാം സ്ഥനത്ത് വൽസാൽ, അൽഡർഷോട്ട് സൗത്ത്, ഇസ്‌ലാമാബാദ്, ഗില്ലിങ്ഹം, ആശ്, സൗത്ത് ചീം, ഇവൽ, ഹൻസലോ സൗത്ത്.

റീജ്യണുകൾ: ബയ്ത്തുൽ ഫുതൂഹ് റീജ്യൺ ഒന്നാം സ്ഥാനം. രണ്ടാം സ്ഥാനം ഇസ്‌ലാമാബാദ്, മൂന്നാം സ്ഥാനം മിഡ്‌ലാന്റ്സ്, നാലാം സ്ഥാനം മസ്ജിദ് ഫള്ൽ, അഞ്ചാം സ്ഥാനം ബയ്ത്തുൽ ഇഹ്സാൻ.

ദഫ്ത്തർ അത്ഫാലിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ പത്തു ജമാഅത്തുകൾ: അൽഡർഷോട്ട് സൗത്ത്, ഫൺഹം,അൽഡർഷോട്ട് നോർത്ത്, ആശ്, ഇസ്‌ലാമാബാദ്, റോഹംടൺവാലി, സൗത്ത് ചീം, മഞ്ചസ്റ്റർ നോർത്ത്, ബ്രമിംഗ്ഹം വെസ്റ്റ്, ബ്രഡ്ഫോർഡ് സൗത്ത്.

ചെറിയ ജമാഅത്തുകളിലെ പിരിവിന്റെ അടിസ്ഥാനത്തിൽ അഞ്ചു ജമാഅത്ത്: സ്പിൻ വാലി, കേത്തലി, നോർത്ത് വേൽസ്, നോർത്ത് ഹാമ്പ്ട്ടൺ, സവാൻസി.

കനഡയിലെ ഇമാറത്തുകൾ: നമ്പർ ഒന്ന് വാൻ, കൽഗരി, പീസ് വില്ലേജ്, വാങ്കോവർ, ബ്രംടൺ വെസ്റ്റ്, ടൊറോന്റോ.

അവരുടെ പത്ത് വലിയ ജമാഅത്തുകൾ:മിൽടൺ ഈസ്റ്റ്, മിൽടൺ വെസ്റ്റ്, ഹിമൽടൻ, അഡ്മിന്റൺ വെസ്റ്റ്, ദർഹം വെസ്റ്റ്, ഒട്ടാവ വെസ്റ്റ്, റെജിന, ഇന്നിസ്ഫിൽ, അബോഡ്സ് ഫോർഡ്, ന്യൂഫൗണ്ട് ലാൻഡ്.

അത്ഫാലിൽ ഒന്നാം സ്ഥാനത്ത് വാൻ, പീസ് വില്ലേജ്, ടൊറോന്റോ വെസ്റ്റ്, വങ്കോവർ, കൽഗരി, മിസ്സിസ്സാഗ.

ദഫ്ത്തർ അത്ഫാലിൽ ഒന്നാം സ്ഥാനത്ത് ദർഹം വെസ്റ്റ്, മിൽട്ടൺ വെസ്റ്റ്, ഹദീഖ അഹ്മദ്, മോൺട്രിയാൽ വെസ്റ്റ്, ഹമിൽടൺ മൗണ്ടൻ.

ജർമനിയിലെ ഇമാറത്തുകൾ: 1.ഹംബർഗ്, 2. ഫ്രാങ്ക് ഫർട്ട്, 3. വീസ്ബാദൻ, 4. ഗ്രോസ് ഗ്രൗ, 5. റീഡ് സ്റ്റട്ട്.

അവരുടെ പത്തു ജമാഅത്തുകൾ: റോഡർ മാർക്, റോഡ് ഗൗ, നിഡ്ഡ, ഫ്രിഡ്ബർഗ്, ഫ്ളോർശെയിം,ന്യൂസ്സ്, മയിൻസ്, മഹ്ദിയാബാദ്, ഓസിനാ ബ്രക്, ബർലിനും കോബ്ലൻസും.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 5 റീജ്യണുകൾ: മൻഹെയിം ഒന്നാം സ്ഥാനത്ത്, ഡട്ട്സൻ ബാഖ്, ഹെസ്സൻ സൗത്ത് വെസ്റ്റ്, റാഇൻലാന്റ് ഫൽസ്, വെസ്റ്റ് ഫാളിൻ.

അമേരിക്കയിലെ ആദ്യ പത്തു ജമാഅത്തുകൾ: 1. ലോസ് ഏഞ്ചൽസ്, 2. മെരിലാന്റ്, 3. നോർത്ത് വെർജീനിയ, 4. സീറ്റിലെ, 5.സിലിക്കൊൺ വാലി, 6. ബോസ്റ്റൻ(ആീഷേ്രീ), 7. ആസ്റ്റൻ, 8. ഓശ്കോശ്, 9. മിനിസ്സോട്ട, 10. പോർട്ട് ലാൻഡ്.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 10 ജമാഅത്തുകൾ: 1.സീറ്റിലെ, 2. ലോസ് ഏഞ്ചൽസ്, 3.മെരിലാന്റ്, 4.സൗത്ത് വെർജിന, 5. ക്ലേവിലാൻഡ്, 6. ആസ്റ്റൻ, 7. സിലിക്കോൻ വാലി, 8. ഓശ്കോശ്, 9. ഇൻഡ്യാന 10. സിയോൺ.

പാക്കിസ്താനിലെ ജമാഅത്തുളിൽ ഒന്നാം സ്ഥാനം ലാഹോർ, രണ്ട് റബ്‌വ, മൂന്ന് കറാച്ചി. ജില്ലകളുടെ പൊസിഷൻ ബാലിഗാനിൽ ഇസ്‌ലാമാബാദ് ഇത് ഞാൻ ആദ്യജമാഅത്തുകളിൽ നഗരങ്ങളുടെ കണക്കനുസരിച്ച് പറഞ്ഞിരുന്നു. ജില്ലകളുടെ അടിസ്ഥാനത്തിലും ഇസ്‌ലാമാബാദ് ഒന്നാം സ്ഥാനത്താണ്. പിന്നീട് ഫയ്സ്വലബാദ്, പിന്നീട് ഗുജറൻവാല, പിന്നീട് ഗുജ്റാത്ത്, പിന്നീട് സർഗോദ, പിന്നീട് ഉമർകോട്ട്, മുൽത്താൻ, ഹൈദ്രാബാദ്, മീർപൂർ ഖാസ്, ഡേരഗാസിഖാൻ.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 3 വലിയ ജമാഅത്തുകൾ: 1.ലാഹോർ, 2. റബ്‌വ, 3. കറാച്ചി.

ജില്ലയുടെ അടിസ്ഥാനത്തിൽ അത്ഫാലിന്റെ പൊസിഷൻ: ഇസ്‌ലാമാബാദ്, ഫയ്സ്വലാബാദ്, നാരോവാൽ, സർഗോദ, ഉമർകോട്ട്, ഗുജ്റൻവാലാ, മീർപൂർഖാസ്, ഗുജ്റാത്ത്, ഹൈദ്രാബാദ്, ശേയ്ഖുപുര.

പാക്കിസ്താനിൽ കറൻസിയുടെ വില വളരെ ഇടിഞ്ഞിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വളരെയധികം വർധനയുണ്ടാക്കി. വളരെ ത്യാഗം ചെയ്തു.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**




ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215



ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഭാരതത്തിലെ ആദ്യ 10 സംസ്ഥാനങ്ങൾ: കേരള, തമിൾനാട്, ജമ്മു കശ്മീർ, തെലുങ്കാന, കർണാടക, ഒഡിഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര.

വസൂലിയുടെ അടിസ്ഥാനത്തിൽ ആദ്യ പത്തു ജമാഅത്തുകൾ: ഹൈദരാബാദ്, കോയമ്പത്തൂർ, ഖാദിയാൻ, കോഴിക്കോടു, മഞ്ചേരി, ബാംഗ്ലൂർ, മേലപ്പാളയം, കൊൽക്കത്ത, കരുളായി, കേരംഗ്.

ആസ്ത്രേലിയായിലെ ബാലിഗാന്റെ 10 ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് മെൽബറൻ വാറിൻ, കാസ്റ്റിലെ ഹിൽ, മാർസഡൻ പാർക്, ലോഗൻ ഈസ്റ്റ്, മെൽബോറനെ ബെർവിക്, പെൻറിത്ത്, പെർത്ത്, മെൽബറൻ ക്ലയിഡ്, പർറമട്ട, അഡലീഡ വെസ്റ്റ്, അഡീൽഡ് വെസ്റ്റ്.

അല്ലാഹു ഇതിൽ പങ്കെടുത്ത എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അനന്തമായ അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഫലസ്തീനുവേണ്ടി ഞാൻ ദുആയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോഴും അവരെ ഓർമവെക്കുക. അവരവരുടെ സഹോദര വൃത്തങ്ങളിൽ അവർക്കുവേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരിക്കുക. ആളുകളോടു പറഞ്ഞുകൊണ്ടിരിക്കുക;പ്രത്യേകിച്ചും രാഷ്ട്രീയക്കാരോടു. മുമ്പേയും ഞാൻ പറഞ്ഞിരുന്നതാണ്. ഇസ്റായീൽ ഭരണകൂടം തങ്ങളുടെ അക്രമത്തിൽനിന്ന് പിന്തിരിയുമെന്ന് തോന്നുന്നില്ല. എന്നല്ല ഇപ്പോൾ അവർ പട്ടാളക്കാർക്ക് സന്ദേശം നല്കിയിട്ടുള്ളത് 2024 വർഷവും യുദ്ധവർഷമായിരിക്കുമെന്നാണ്.

അല്ലാഹു ഫലസ്തീനികളുടെമേൽ കരുണ ചൊരിയുമാറാകട്ടെ. റീജണിലും യുദ്ധം വ്യാപിപ്പിക്കുമെന്ന ഭീഷണിയുമുണ്ട്. തുടർന്ന് ആഗോള യുദ്ധവുമുണ്ടാകാം.

ബെയ്റുത്തിന്റെ ചുറ്റുവട്ടത്തും അവർ ബോംബ് വർഷം തുടങ്ങിയിരിക്കുന്നു. ഇപ്പോൾ ഇത് വർധിച്ചുകൊണ്ടു പോകുകയാണ്. ബാഹ്യമായി നോക്കുമ്പോൾ അമേരിക്കൻ ഭരണകൂടം അവരോടു യുദ്ധം പരിമിതപ്പെടുത്താൻ പറയുന്നുണ്ട്. പക്ഷേ, അതു വെറും വാക്കുകളാണെന്നാണ് തോന്നുന്നത്. അടക്കത്തിലുള്ള അവരുടെ വാക്കുകളാണ്. അവരുടെ യഥാർഥ പദ്ധതി ഗസ്സയിൽനിന്ന് ഫലസ്തീൻ കാരെ പുറത്താക്കുക എന്നതാണെന്ന് മനസ്സിലാകുന്നു. എന്നിട്ട് ആ സ്ഥലം പിടിച്ചെടുക്കുക.

അല്ലാഹു ഫലസ്തീനികളുടെമേൽ കരുണ ചൊരിയുമാറാകട്ടെ. മുസ്ലിമീങ്ങളുടെമേലും കരുണ ചൊരിയുമാറാകട്ടെ. അവർക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഇവർ കാലത്തിന്റെ ഇമാമിന്റെ ശബ്ദം കേൾക്കുകയും അദ്ദേഹത്തെ വിശ്വസിക്കുകയും ചെയ്യുമാറാകട്ടെ.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലന്റ് പര്യടനം(സെപ്റ്റംബർ 2014)

വിവ: മൗലവി അമീൻ സാഹിബ്, മാത്ര

**മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യാ അയർലാൻഡ**

***ഹുദൂർ അൻവറിന്റെ ക്ലാസ്സ്***

(ബദ്ർ വാള്യം 8, ലക്കം 50, പേജ് 12, കോളം 2-ൽനിന്ന് തുടർച്ച...)

**ഒരു ത്വിഫ്ൽ ചോദിച്ചു:***ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതു ഗ്രന്ഥമാണ് അത്ഫാൽ വായിക്കേണ്ടത്?*

**ഹുദൂർ:**ഹഖീഖത്തുൽവഹീ വായിക്കുക. എളുപ്പമുള്ള ഗ്രന്ഥങ്ങൾ വായിക്കണമെങ്കിൽ മൽഫൂദാത്തിന്റെ അവസാന വാള്യങ്ങൾ വായിക്കുക. ഇംഗ്ലീഷ് ഭാഷയിലുള്ള പുസ്തകങ്ങൾ വായിക്കാനാണെങ്കിൽ എസ്സെൻസ് ഓഫ് ഇസ്ലാം വായിക്കുക. വിവിധ തലക്കെട്ടിൽ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളും വിഷയങ്ങളും ഇതിൽ സമാഹരിച്ചിരിക്കുന്നു.

**ഒരു ത്വിഫ്ൽ:***ഇസ്ലാം അഹ്മദിയ്യത്ത് ലോകത്ത് പെട്ടെന്ന് വ്യാപിക്കാൻ ഞങ്ങളേതു ദുആയാണ് ചെയ്യേണ്ടത്?*

**ഹുദൂർ:** ഇതിനുവേണ്ടി സ്വന്തം ഭാഷയിൽ ദുആ ചെയ്യുക. നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുക. ഇതിൽ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നു. സ്വലാത്ത് മനസ്സിലാക്കി, ആഴത്തിലുള്ള ചിന്തയോടെ ചൊല്ലുക. ഇതിൽ നബി(സ) തിരുമേനിക്കുവേണ്ടി എല്ലാ അനുഗ്രഹങ്ങളും ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. സ്വലാത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ)നു വേണ്ടിയും അനുഗ്രഹങ്ങൾക്കായുള്ള സ്മരണയുണ്ട്. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ പ്രവർത്തനമണ്ഡലമനുസരിച്ച് അല്ലാഹു അദ്ദേഹത്തിന് ധാരാളം കാര്യങ്ങൾ നല്കി. നബി(സ)തിരുമേനിയുടെ പ്രവർത്തനമണ്ഡലം സമസ്ത ലോകവുമാണ്. അത് സർ വലോകവുമായിരിക്കുമ്പോൾ ഇന്നാളുകളിൽ നബി(സ)തിരുമേനിയെ എതിർക്കുകയും ശത്രുത കാണിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരെ അല്ലാഹു പിടികൂടാനും നബി(സ)തിരുമേനിയുടെ അന്തസ്സും മഹിമയും അത്യുന്നതസ്ഥാനവും ലോകത്താകമാനം സ്ഥാപിതമാകുന്നതിനും മുസ്ലിമീങ്ങൾ ശരിയായതും യഥാർഥവുമായ മുസ്ലിമീങ്ങളായിയിത്തീരാനും ദുആ ചെയ്യുക.

**ഒരു ത്വിഫ്ൽ:** *13-ാം തിയതി വെള്ളിയാഴ്ചയായാൽ അത് മോശമായ ദിനമാണെന്ന് കത്തോലിക്ക വിശ്വാസികളായ ക്രിസ്ത്യാനികൾ പറയുന്നു?*

**ഹുദൂർ:**നമ്മുടെ ഓരോ വെള്ളിയാഴ്ചയും അത് ഏതു തിയതിയാണെങ്കിലും അനുഗൃഹീത ദിനങ്ങളാണ്. അതുകൊണ്ട് ജുമുഅ എന്ന അധ്യായവും അവതരിച്ചു. ഒരു യഹൂദി ഹദ്റത്ത് ഉമർ(റ) നോട് പറഞ്ഞു: അമീറുൽ മുഅ്മിനീൻ!അങ്ങ് അങ്ങയുടെ ഗ്രന്ഥത്തിൽ ഒരു വചനം വായിക്കുന്നു. ഈ വചനം ഞങ്ങൾക്ക് അവതരിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ആ ദിവസത്തെ ആഘോഷദിനമാക്കുമായിരുന്നു. അതേത് വചനമാണെന്ന് ഹദ്റത്ത് ഉമർ(റ) യഹൂദിയോട് ചോദിച്ചു. അയാൾ പറഞ്ഞു: അൽയൗമ അക്മൽത്തുലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽ ഇസ്ലാമ ദീനൻ(5:4)

(ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്കു ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു).

ഹദ്റത്ത് ഉമർ(റ)പറഞ്ഞു:ഈ വചനം അറഫാ മൈതാനിയിൽ വെള്ളിയാഴ്ചയാണ് അവതരിച്ചത്. വെള്ളിയാഴ്ച ദിവസം ഞങ്ങൾക്ക് പെരുന്നാൾ ദിനം തന്നെയാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ)പറയുന്നു:വെള്ളിയാഴ്ച പെരുന്നാൾ ദിനത്തേക്കാൾ കൂടുതൽ പ്രാധാന്യമുള്ള അനുഗ്രഹങ്ങളുടെ ദിനമാണ്. അതുകൊണ്ട് സന്തോഷത്തോടെ ആഘോഷിക്കേണ്ടതാണ്. അതിനാൽ നമുക്ക് വെള്ളിയാഴ്ച ദിവസം നല്ലതാണ്. സന്തോഷത്തിന്റെ ദിനമാണ്. അനുഗ്രഹങ്ങളുടെ ദിനമാണ്.

**ഒരു ത്വിഫ്ൽ:***വിശുദ്ധ ഖുർആൻ, ഇഞ്ചീൽ, തൗറാത്ത്, സബൂർ എന്നീ വെളിപാടു ഗ്രന്ഥങ്ങൾ മാത്രം എന്തുകൊണ്ടാണുള്ളത്?*

**ഹുദൂർ:** നാലു മാത്രമല്ലല്ലോ? വിശുദ്ധ ഖുർആനിൽ സ്വുഹ്ഫി ഇബ്റാഹീമ വ മൂസാ എന്നും പറഞ്ഞിട്ടുണ്ട്. ഓരോ നബിയിലും എന്തെങ്കിലും ചിലത് അവതരിച്ചിട്ടുണ്ട്. ഹിന്ദുക്കൾ വേദം പാരായണം ചെയ്യുന്നു. ഓരോ നബിയിലും വിശ്വസിക്കുന്നവർക്ക് എന്തെങ്കിലും ഒരധ്യാപനം തീർച്ചയായുമുണ്ടാകും. എന്നാൽ, കഴിഞ്ഞ 14 നൂറ്റാണ്ടായി നിലനിൽക്കുന്ന യഥാർഥവും സുരക്ഷിതവുമായ ഗ്രന്ഥം വിശുദ്ധ ഖുർആനാണ്. ഇതര മതക്കാർ പറയുന്നത് തങ്ങളുടെ ഗ്രന്ഥം ദൈവത്തിൽ നിന്നുള്ളതാണെന്നാണ്. എന്നാൽ, അങ്ങനെയല്ല. അവർ സമർപിക്കുന്നത് ദൈവത്തിൽ നിന്നുള്ളതല്ല. പ്രത്യുത, അവയിൽവളരെയധികം കാര്യങ്ങൾ കൂടിക്കുഴഞ്ഞുപോയിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:നാം ഓരോ ജനതയിലും നബിമാരെ അയച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ ചില നബിമാരുടെ നാമങ്ങൾ സൂചിപ്പിച്ചിരിക്കുന്നു. ബാക്കിയുള്ള നബിമാരുടെ നാമങ്ങൾ പറഞ്ഞിട്ടില്ല. അതുകൊണ്ട് അവരുടെ ഗ്രന്ഥങ്ങളെ കുറിച്ചും സൂചന കാണുന്നില്ല. അതേപോലെതന്നെ ദൂതന്മാരുടെ വരവോടൊപ്പം വിവിധ പ്രദേശങ്ങളിൽ നിവസിക്കുന്ന വിവിധ

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)


ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

ജനങ്ങളിൽ ആത്മീയ നിയമങ്ങൾ ഇറങ്ങിയിട്ടുണ്ടാകും. അധ്യാപനങ്ങളുടെ അവതരണം ഉണ്ടായിക്കാണും. പ്രസ്തുത ജനതകൾക്ക് അതുകൊണ്ടായിരിക്കും കാര്യങ്ങൾ മനസ്സിലാകുന്നതും നേർമാർഗത്തിനുള്ള സാഹചര്യങ്ങൾ പ്രാപ്ത മാക്കാൻ സാധിക്കുന്നതും.

**ഒരു ത്വിഫ്ൽ:** *മൂന്നാം ലോക മഹായുദ്ധത്തിന് സാധ്യതയുണ്ടോ?*

**ഹുദൂർ:**ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)പറയുന്നത്, ലോകർ തങ്ങളുടെ ദൈവത്തെ തിരിച്ചറിയാതിരിക്കുകയും അക്രമത്തിന്റേയും ക്രൂരതയുടേയും വഴി സ്വീകരിക്കുകയും ചെയ്താൽ ദൈവത്തിന്റെ ഭാഗത്തുനിന്നു ശിക്ഷവരുമെന്നാണ്.

ചെറിയ ചെറിയ യുദ്ധങ്ങൾ ഓരോ സ്ഥലത്തും നടക്കുന്നു. അഫ്ഗാനിസ്താനിൽ യുദ്ധം നടക്കുന്നു. യുക്രെയ്നിൽ നടക്കുന്നു. സിറിയയിൽ നടക്കുന്നു. വേറേയും വളരെയധികം സ്ഥലങ്ങളിൽ സാഹചര്യങ്ങൾ മോശമായിക്കൊണ്ടിരിക്കുന്നു. അവസ്ഥകൾ നിരന്തരം മോശമായിക്കൊണ്ടിരിക്കുകയാണ്.

മൂന്നാം ലോക മഹായുദ്ധത്തിലേക്ക് ലോകം നീങ്ങുന്നതായി ഞാൻ നാലുവർഷമായി പറഞ്ഞുവരുന്നതാണ്. ഈ യുദ്ധം തുടങ്ങിക്കഴിഞ്ഞതായി പോപ്പും പറഞ്ഞു കഴിഞ്ഞു.

*ഒരു ത്വിഫിലിന്റെ ചോദ്യം സ്വർഗത്തെ കുറിച്ചായിരുന്നു.*

**ഹുദൂർ:** ആര് സ്വർഗത്തിൽ പോകണമെന്ന തീരുമാനം ദൈവമാണ് എടുക്കേണ്ടത്. നല്ലതും നന്മ നിറഞ്ഞതുമായ പ്രവർത്തനങ്ങളും കാര്യങ്ങളുമാണ് സ്വർഗത്തിൽ കൊണ്ടുപോകുന്നത്. മോശമായ പ്രവർത്തനങ്ങളും കാര്യങ്ങളും സ്വർഗത്തിൽ പോകുന്നതിൽനിന്ന് തടയുന്നു. എന്നാൽ, സ്വർഗത്തിൽ ആര് പോകണമെന്ന തീരുമാനം ദൈവത്തിന്റേതാണ്. പക്ഷേ, ഒടുവിൽ എല്ലാ ഓരോരുത്തരും സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരു സമയം വരുന്നതാണ്.

**ഒരു ത്വിഫ്ൽ:** *ഹുദൂറിന്റെ ഇഷ്ടപ്പെട്ട കളി ഏതാണ്.*

**ഹുദൂർ:**ഇപ്പോൾ ഒരു കളിയുമില്ല. മുമ്പേ ക്രിക്കറ്റും ബാറ്റ്മിന്റനും കളിച്ചിരുന്നു. ഇപ്പോളൊന്നുമില്ല.

**ഒരു ത്വിഫ്ൽ:***മരണത്തിനുശേഷം നാം ദൈവത്തിലേക്ക് പോകുമ്പോൾ അവനെ കാണാൻ സാധിക്കുമോ?*

**ഹുദൂർ:** അതു മരിച്ചു പോയവർക്കേ പറയാൻ സാധിക്കുകയുള്ളൂ. ഈ ലോകത്ത് ദൈവം അവന്റെ ശക്തിപ്രഭാവങ്ങൾ മുഖേനയാണ് ദൃശ്യമാകുന്നത്. ലോകത്തിന്റെ സൗന്ദര്യം ദൈവത്തിന്റെ പ്രഭാവം തന്നെയാണ്. ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ)യും തന്റെ ഒരു കവിതയിൽ ഉന്നതനായ ദൈവത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിന് മറുപടി നല്കിയിരുന്നു; *എന്നെ അന്വേഷിക്കുന്നവർ എന്റെ ഈ ശക്തിപ്രഭാവത്തിലേക്ക് നോക്കുക. എന്റെ ആ ശക്തിപ്രഭാവത്തിലേക്ക് നോക്കുക.*

ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) അല്ലാമ ഇഖ്ബാൽ രചിച്ച,

*കഭീ ഏ ഹഖീഖത്ത് മുൻതളിറെ നള്ർ ആൽ ബാസ് മജാസ് മേം*

*കെ ഹസാറോം സജ്ദേ തഡപ്പ് രഹേ ഹൈ മെരി ജബീൻ നിയാസ് മേം*

എന്ന കവിതയുടെ മറുപടി എന്നോണമെന്ന നിലയിലാണ് ഇതു പറഞ്ഞിട്ടുള്ളത്.

(അർഥം: അല്ലയോ യാഥാർഥ്യമേ, ഒരിക്കലെങ്കിലും പ്രതീക്ഷയോടെയുള്ള ദൃഷ്ടിയുടെ മുമ്പിൽ ആലങ്കാരികമായ വസ്ത്രത്തിൽ വരിക. എന്റെ നെറ്റിത്തടം വിനയത്താൽ തുടിക്കുന്നു. ആയിരക്കണക്കിന് സാഷ്ടാംഗം ചെയ്യുന്നു.)

ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) യുടെ പ്രസ്തുത കവിതയുടെ കുറച്ചുഭാഗം ഇ പ്രകാരമാണ്.

മുഝേ ദേക്, രിഫ്അത്തെ കോഹ് മെം(പർവതമുകളിൽ എന്നെ നോക്കുക.)

മുഝേ ദേക്, പസ്തിയെ കാഹ് മെ (ആഴമേറിയ ജലാശയത്തിൽ എന്നെ നോക്കുക.)

മുഝേ ദേക്, ഇജ്സെ ഫഖീർ മെ (ദരിദ്രന്റെ വിനയത്തിൽ എന്നെ നോക്കുക)

മുഝേ ദേക്, ശൗക്കത്തെ ശാഹ് മെ(രാജാവിന്റെ ഗാംഭീര്യത്തിൽ എന്നെ നോക്കുക)

മുഝേ ഢൂൻഡ്, ദിൽ കീ തഡപ്പ് മെ തൂ(നീ ഹൃദയത്തിന്റെ സ്പന്ദനത്തിൽ എന്നെ അന്വേഷിക്കുക,)

മുഝേ ദേക്, റുഖേനിഗാർ മെ(ചിത്രമുഖത്ത് എന്നെ നോക്കുക.)

കഭീ ബുൽബുലോം കീ സ്വദാ മെ സുൻ(ചിലപ്പോൾ കുയിലിന്റെ മധുരശബ്ദത്തിൽ നീ എന്നെ കേൾക്കുക.)

കഭീ ദേക്, ഗുൽ കെ നിഖാർ മെ(ചിലപ്പോൾ പൂമൊട്ടിന്റെ പ്രഭയിൽ എന്നെ നോക്കുക)

മേരീ ഏക് ശാൻ ഖസാൻ മെ ഹെ(എന്റെ ഒരു ഗാംഭീര്യം ഹേമന്തകാലത്തിലുണ്ട്.)

മേരീ ഏക് ശാൻ ബഹാർ മെ(എന്റെ ഒരു ഗാംഭീര്യം വസന്തകാലത്തിലുണ്ട്.)

മേരാ നൂറെശക്ല് ഹിലാൽ മെ(എന്റെ രൂപത്തിന്റെ പ്രകാശം പിറവി ചന്ദ്രനിലുണ്ട്.)

മേരാ ഹുസ്ന് ബദ്റെ കമാൽ മെ(എന്റെ സൗന്ദര്യം പൂർണചന്ദ്രനിലുണ്ട്.)

കഭീ ദേക് ത്വറസെ ജമാൽ മെ(ചിലപ്പോൾ സൗന്ദര്യത്തിന്റെവേഷത്തിൽ നീ നോക്കുക.)

കഭീ ദേക് ശാനെ ജലാൽ മെ(ചിലപ്പോൾ പ്രതാപത്തിന്റെ ഗാംഭീര്യത്തിൽ നീ നോക്കുക.)

റഗെ ജാൻ സേ ഹൂം മേ ഖരീബ്തർ(ജീവനാഡിയേക്കാൾ ഞാനടുത്തവനാണ്.)

തേരാ ദിൽ ഹെ കിസ് കെ ഖയാൽ മെ(നിന്റെ ഹൃദയം ആരുടെ ചിന്തയിലാണ്.

**ഹുദൂർ പറഞ്ഞു:** അല്ലാഹുവിനെ അവന്റെ ശക്തിപ്രഭാവങ്ങൾകൊണ്ടാണ് കാണാൻ കഴിയുന്നത്. അല്ലാഹു നൂറുസ്സമാവാത്തി വൽഅർളി. അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. ബാഹ്യമായ ഒരുരൂപത്തിലും അവനെ കാണാൻ കഴിയുകയില്ല.(തുടരും)

**(പേജ് 10ൽനിന്ന്)**

എം.ടി.എ ഇന്റർനാഷണലിലൂടെ 2023-ലെ ജൽസസാലാന ഖാദിയാന്റെ സമാപന പരിപാടിക്ക് തുടക്കം കുറിച്ചു. ഈ അവസരത്തിൽ നാലു ആഫ്രിക്കൻ രാജ്യങ്ങളിലും -സെനഗൽ, ടോഗോ, ഗിനികൊണാക്രി, ഗിനി-ബിസോ- അവരുടെ ജൽസസാലാന നടക്കുകയായിരുന്നു. ഖാദിയാൻ ദാറുൽഅമാനു പുറമെ ഈ രാജ്യങ്ങളുടേയും തൽസമയ ദൃശ്യങ്ങൾ കാണിക്കപ്പെട്ടു.

ഇന്ത്യൻ സമയം കൃത്യം 4 മണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് ദിഗന്തംവരെ ഉയർന്ന തക്ബീർ ധ്വനികളുടെ മുഴക്കത്തിന്നിടയിൽ അയ്വാനെ മസ്റൂറിൽ ആഗതരായി. ഹുദൂർ അയ്യദഹുല്ലാഹ് ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലായുടെ ഉപഹാരം സമർപിച്ചു.

വിശുദ്ധ ഖുർആൻ പാരായണം ചെയ്തത് ആദരണീയരായ അബ്ദുൽ മുഅ്മിൻ ത്വാഹിർ സാഹിബായിരുന്നു. അദ്ദേഹം ആലുഇംറാൻ അധ്യായത്തിലെ 191-മുതൽ 196-വരെയുള്ള വചനങ്ങളാണ് തിലാവത്ത് ചെയ്തത്. തഫ്സീറെ സ്വഗീറിൽനിന്ന് അതിന്റെ തർജമയും കേൾപ്പിച്ചു. അതിനുശേഷം മുർത്തളാ മന്നാൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഹാസിനെ ഖുർആനെ കരീം എന്ന പദ്യത്തിൽനിന്ന് തിരഞ്ഞെടുത്ത ഏതാനും വചനങ്ങൾ കർണാനന്ദകരമായ നിലയിൽ ആലപിച്ചു.

കൃത്യം 4.18-ന് ഹുദൂർ മിമ്പറിൽ ആഗതരാകുകയും അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹ് പറഞ്ഞതിനുശേഷം സമാപന പ്രഭാഷണത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

**സമാപന പ്രഭാഷണം:**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹായും മുസമ്മൽ എന്ന അധ്യായത്തിലെ 16-ാമത്തെ വചനവും ഓതിയതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ ആയത്തിന്റെ തർജമ ഇപ്രകാരമാണ്: ഫിർഔനിന്റെ അടുക്കലേക്ക് നാമൊരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്കു സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു.(73:16)

ഹുദൂർ പറഞ്ഞു: ഇന്ന് ഖാദിയാനിൽ അഹ്മദിയ്യ ജമാഅത്ത് ഭാരതിന്റെ ജൽസസാലാന സമാപനത്തിലെത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസമോ ഇന്നോ നാളെയോ ആയി ജൽസസാലാന നടക്കുന്ന ഒരുപാട് രാജ്യങ്ങളുണ്ട്. ഇന്നും ധാരാളം രാജ്യങ്ങളിൽ ഈ സമാപന സെഷൻ നടന്നുകൊണ്ടിരിക്കുകയാണ്. സെനിഗൽ, ടോഗോ, ഗിനികൊണാക്രി, ഗിനി-ബിസോ. ഈ രാജ്യങ്ങളിലെല്ലാം ഇരു ഭാഗത്തേക്കും നേരിട്ട് ട്രാൻസമിഷൻ നടന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനമാണ് ഞാൻ നിനക്ക് ഭൂമിയുടെ അറ്റങ്ങൾവരെ ആദരവോടുകൂടിയ പ്രസിദ്ധി നല്കുന്നതായിരിക്കും, നിന്നോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ ഇടുന്നതായിരിക്കും എന്നത്. ഈസായുടെ ചുവടുകളിലാണ് ഞാൻ വന്നിട്ടുള്ളതെന്ന് നീ അവരോടു പറയുക. അതുകൊണ്ട് ഇപ്പോൾ സകലരാജ്യങ്ങളിലും ജൽസകൾ സംഘടിപ്പിക്കുന്നതും അവിടത്തെ നാമം ബഹുമാനത്തോടെ സ്മരിക്കപ്പെടുന്നതും അവിടത്തെ നാമത്തിലുള്ള മുദ്രാവാക്യ വിളികളുമെല്ലാം ആ ദൈവപരമായ വാഗ്ദാനങ്ങളുടെ

## • ഹദീഥുന്നബ്വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.MUHMMAD SHAREEF &FMILY
AHMADIYYA JAMA-ATH VANIYAMBALAM, KERALA

സാക്ഷാത്ക്കാരമാണ്; ഇത് അദ്ദേഹം അല്ലാഹുവിന്റെ വാഗ്ദാനങ്ങളനുസരിച്ച് നബി(സ)തിരുമേനിയുടെ പ്രവചനങ്ങളനുസരിച്ച് അവിടത്തെ ദാസത്വത്തിൽവന്ന മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമാണെന്നതിന് തെളിവുമാണ്. ഇന്നു കാണുന്ന ഈ ഖാദിയാൻ എന്ന ഗ്രാമം 125 വർഷംമുമ്പേ നിസ്സാരമായ ഒരു ഗ്രാമമായിരുന്നു, ഒരു ഉൾനാടായിരുന്നു. ഇന്നത് മനോഹരമായ ഒരു നഗരത്തിന്റെ രൂപം പ്രാപിച്ചിരിക്കുകയാണ്. ലോകത്തിന്റെ മുക്കിലും മൂലയിലും അത് ഇന്ന് പ്രസിദ്ധമാണ്. ഈ പ്രസിദ്ധി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം കാരണത്താലണുണ്ടായിട്ടുള്ളത്. ആ മഹാത്മാവിനോടു അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ നിമിത്തമാണുണ്ടായിട്ടുള്ളത്. ഇന്ന് ആ നാട്ടിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള പൗരന്മാർ ജൽസസാലാനയിൽ പങ്കെടുക്കുന്നതിന് സംഘടിച്ചിരിക്കുന്നു. ഇപ്പോൾ ഏതാണ്ട് 42 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അവിടെയുണ്ട്.

എത്തിപ്പെടാൻപോലും ഏറെ ദുഷ്കരമായിരുന്ന ഒരു ഉൾനാട്, അവിടെനിന്ന് ഒരാൾ അല്ലാഹു തന്നോടു ഞാൻ നിനക്ക് ഭൂമിയുടെ അറ്റങ്ങളോളം ആദരവോടുകൂടി പ്രസിദ്ധി നല്കുന്നതായിരിക്കും എന്ന് പറഞ്ഞുവെന്ന് വാദിക്കുന്നു. പിന്നീട് ആ വാഗ്ദാനം ഗംഭീരമായ പ്രൗഢിയോടുകൂടി പൂർത്തിയാകുന്നു. അവിടന്ന്(അ)ആരുടെ വരവോടുകൂടി ഇസ്ലാമിന്റ പുനരുദ്ധാരണത്തിന്റെ പുതിയ കാലഘട്ടം ആരംഭിക്കുമെന്നാണോ പറയപ്പെട്ടിട്ടുള്ളത് ആ ഇമാം മഹ്ദിയും മസീഹ് മൗഊദും അദ്ദേഹം തന്നെയാണെന്നതിൽ മുസ്ലിമീങ്ങൾ സന്തോഷിക്കുകയാണ് വേണ്ടത്. ദൗർബല്യങ്ങൾ അകറ്റാനുള്ള കാലം വന്നിരിക്കുന്നു. ദീനീ പ്രചാരണത്തിന്റേയും പ്രബോധനത്തിന്റേയും കാലം വന്നിരിക്കുന്നു. പക്ഷേ, സ്വാർഥമതികളായ നാമമാത്ര ഉലമാ തങ്ങളുടെ സ്വന്തം നേട്ടങ്ങൾക്കുവേണ്ടി ശരിയായ വഴിയിൽനിന്ന് ജനങ്ങളെ തെറ്റിച്ചുകളയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഇതും അല്ലാഹുവിന്റെ വാഗ്ദാനമാണ്; ഒരു കാലംവരും. അപ്പോൾ ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണെന്ന് തീർച്ചയായും അവർക്ക് വിശ്വസിക്കേണ്ടതായിവരും. അതായത് അവസാനം ഇക്കൂട്ടർ വിശ്വസിക്കുന്നതായിരിക്കും. ഇപ്പോൾ ഞാൻ ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തെ സംബന്ധിച്ച് കുറച്ചുകാര്യങ്ങൾ പറയുന്നതാണ്.

ഞാനോതിയ ആയത്തിന്റെ മനോഹാരിതയും അതിന്റെ വിജ്ഞാനപരമായ വ്യാഖ്യാനവും ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സ്വാഭാവികമായും ഈ ചോദ്യം ഉയരാറുണ്ട്. മസീഹ് മൗഊദിനെ അതായത് വാഗ്ദത്ത മസീഹിനെ ഈ ഉമ്മത്തിൽനിന്നുതന്നെ ജനിപ്പിക്കേണ്ട ആവശ്യമെന്താണ്? അതിന്റെ ഉത്തരമിതാണ്; അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തതനുസരിച്ച് നബി(സ)തിരുമേനി തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യവും അവസാനവും എന്നതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മൂസാ(അ)ന്റെ സദൃശനായിരിക്കും. അതിനാൽ ആ സാദൃശ്യത ഒന്നു ആദ്യകാലത്തുള്ളതായിരുന്നു. അത് നബി(സ)തിരുമേനിയുടെ കാലഘട്ടമായിരുന്നു. ഒന്നു അവസാന കാലത്തും. അതിനാൽ ഒന്നാമത്തെ സാദൃശ്യത സ്ഥാപിതമായിട്ടുള്ളത് എപ്രകാരം ഹദ്റത്ത് മൂസാനബിക്ക് അവസാനം അല്ലാഹു ഫിർഔനിന്റേയും അയാളുടെ സൈന്യത്തിന്റേയുംമേൽ വിജയം നല്കിയിരുന്നുവോ അതേപോലെ നബി(സ)തിരുമേനിക്കും അവസാനം അബൂജഹ്ലിന്റെ മേലും-അയാൾ അക്കാലത്തെ ഫിർഔനായിരുന്നു-അയാളുടെ സൈന്യത്തിനുമേൽ വിജയം നല്കി. അവരെല്ലാവരേയും നശിപ്പിച്ചുകൊണ്ട് ഇസ്ലാമിനെ അറേബ്യൻ ഉപദ്വീപിൽ സ്ഥാപിച്ചു...ഇനി അവസാന കാലത്തുള്ള സാദൃശ്യത എന്നു പറയുന്നത് ജിഹാദിന്നെതിരായി ഒരു നബിയെ നിയമിച്ചു എന്നതാണ്. മതപരമായ യുദ്ധങ്ങളുമായിട്ട് അദ്ദേഹത്തിന് ഒരു ബന്ധവുമില്ലായിരുന്നു. പ്രത്യുത മാപ്പും വിട്ടുവീഴ്ചയുമായിരുന്നു അദ്ദേഹത്തിന്റെ പാഠം. അദ്ദേഹം ഏതൊരു കാലത്താണ് വന്നതെന്നാൽ, ബനൂ ഇസ്റായീലിന്റെ കർമപരമായ അവസ്ഥയിലും സമ്പ്രദായത്തിലും ധാരാളം വിള്ളലുകളുണ്ടായിക്കഴിഞ്ഞിരുന്നു. അവരുടെ ഭരണം പൊയ്പോയിരുന്നു. അവർ റോമൻ ഭരണത്തിന്റെ കീഴിലായിരുന്നു. അദ്ദേഹം ഹദ്റത്ത് മൂസായ്ക്കുശേഷം കൃത്യം 14-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അതായത് ഇസ്റായേലി നുബുവ്വത്തിന്റെ പരമ്പര അവസാനിച്ചു പോയിരുന്നു. അദ്ദേഹം ഇസ്റായേലി നുബുവ്വത്തിന്റെ അവസാന കല്ലായിരുന്നു. ഇപ്രകാരംതന്നെ നബി(സ)തിരുമേനിയുടെ അവസാന കാലത്ത് മർയമിന്റെ മകൻ മസീഹിന്റെ വർണത്തിലും സവിശേഷഗുണത്തിലും ഈയുള്ളവനെ അല്ലാഹു അയച്ചു. എന്റെ കാലഘട്ടത്തിൽ വാളെടുത്തുള്ള ജിഹാദിന്റെ സമ്പ്രദായവും അവസാനിച്ചു. മുമ്പേതന്നെ അറിയിക്കപ്പെട്ടതുപോലെ അതായത് വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ ജിഹാദ് നിറുത്തലാക്കപ്പെടുമെന്ന് പറഞ്ഞതുപോലെ പൊറുക്കലിന്റേയും വിട്ടുവീഴ്ചയുടേയും അധ്യാപനം നല്കപ്പെട്ടു. ഭൂരിഭാഗം മുസ്ലിമീങ്ങളുടേയും ആന്തരികാവസ്ഥ യഹൂദികളെപ്പോലെ മോശമായിത്തീരുകയും ആത്മീയത നഷ്ടപ്പെട്ടുപോകുയും ആചാരവും ആചാര പൂജയും മാത്രം അവരിൽ അവശേഷിക്കുകയും ചെയ്ത കാലത്താണ് ഞാൻ വന്നത്.

ഹുദൂർ അൻവർ അയ്യഹുല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എഴുത്തുകളുടെ വെളിച്ചത്തിൽ മസീഹ് മൂസവിയും മസീഹ് മുഹമ്മദിയും തമ്മിലുള്ള സാദൃശ്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. അപ്രകാരംതന്നെ അവസാന കാലത്തെ അടയാളങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഇക്കാലഘട്ടം മസീഹ് മൗഊദിന്റെ ആഗമനകാലഘട്ടമാണെന്ന് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)തന്നെയാണ് ആ വാഗ്ദത്ത മസീഹും വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയും. അദ്ദേഹത്തിന്റെ ആഗമനത്തെ കുറിച്ച് വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും പ്രവചിച്ചിട്ടുണ്ട്.

ഇന്ന് ആളുകൾ ഖാദിയാനിൽ സംഘടിച്ചിരിക്കുന്നു. ഇത് അതിന്റെ തെളിവാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തബ്ലീഗ് അഥവാ പ്രബോധനം മുഖേന ലോകത്തിലെ സകല രാജ്യങ്ങളിലുമെത്തിയിട്ടുള്ള ഇസ്ലാമിന്റെ സന്ദേശം അക്കാര്യത്തിനുള്ള തെളിവാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിൽനിന്ന് നിയമിതനായ കാലത്തിന്റെ അടയാളങ്ങളെ കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: വഇദൽ വുഹൂശു ഹുശിറത്ത് വന്യമൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ.(81:6) ഇതിന്റെ ഉദ്ദേശ്യം അപരിഷ്കൃതരായ ജനങ്ങൾ സംസ്കാരത്തിലേക്ക് മടങ്ങുമെന്നാണ്. അവരിൽ മനുഷ്യത്വവും മര്യാദയും ഉണ്ടാകുന്നതായിരിക്കും. മാന്യന്മാരും നീചന്മാരും തമ്മിൽ വ്യത്യാസമൊന്നുമുണ്ടാകുകയില്ല. എന്നല്ല നീചന്മാർ വിജയിച്ചുവരുന്നതായിരിക്കും. എത്രത്തോളമെന്നാൽ, സമ്പത്തിന്റെ താക്കോലും ഭരണത്തിന്റെ കടിഞ്ഞാണും അവരുടെ കൈയിലായിരിക്കും. വ ഇദൽ ബിഹാറു ഫുജ്ജിറത്ത് സമുദ്രങ്ങൾ(ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്)ഒഴുക്കപ്പെടുമ്പോൾ! അതായത് ഭൂമിയിൽ നദികൾ വ്യാപിപ്പിക്കപ്പെടുന്നതാണ്. കൃഷിപ്പണി അധികമായിട്ടുണ്ടാകുന്നതാണ്. വഇദൽ ജിബാലു സുയ്യിറത്ത് പർവതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ! അതായത് അവയിൽ റോഡുകളും തീവണ്ടി ഓടുന്നതിനുള്ള സ്ഥലവും നിർമിക്കുന്നതായിരിക്കും. പിന്നീട് പറഞ്ഞു: കഠിനമായ അന്ധകാരവും അജ്ഞതയും പാപവും ലോകത്ത് പരക്കുന്നതായിരിക്കും. ഇരുട്ട് മൂടുന്നതാണ്. നക്ഷത്രങ്ങൾ വീഴുമ്പോൾ! അതായത് അല്ലാഹുമായി ബന്ധമുള്ള ഉലമാ മരണപ്പെട്ടുപോകുന്നതായിരിക്കും. പിന്നീടു പറഞ്ഞു: ഓർക്കുക! മസീഹു മൗഊദിന്റെ ആഗമനത്തെ കുറിച്ചുള്ള പ്രവചനം ബൈബിളിലുമുണ്ട്. അദ്ദേഹം വരുന്നത് സൂര്യന്റേയും ചന്ദ്രന്റേയും പ്രകാശം ഇല്ലാതാകുമ്പോഴായിരിക്കും.

തുടർന്നു പറഞ്ഞു:റസൂൽ നിശ്ചിത സമയത്ത് കൊണ്ടുവരപ്പെടുമ്പോൾ! മസീഹ് മൗഊദിന്റെ ആഗമനത്തിലേക്കാണ് ഈ സൂചന. അദ്ദേഹം കൃത്യസമയത്തു വരുന്നതായിരിക്കുമെന്ന് പറയുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇക്കാലത്തെ ഉലമാ മസീഹുമൗഊദിനെ വിശ്വസിക്കാതിരിക്കാനുള്ള തെളിവുകൾ പരതിയെടുത്ത് പറയുന്നത് ഇതിന്റെ ഉദ്ദേശ്യം ഖിയാമത്തുന്നാളിനോടടുത്ത കാലമായിരിക്കും അതെന്നാണ്. പക്ഷേ, ഖിയാമത്ത് അഥവാ അന്ത്യനാൾ വന്നുകൊണ്ടിരിക്കുമ്പോൾ റസൂൽമാരെ ഒരുമിച്ചുകൂട്ടുന്നതിന്റെ ഉദ്ദേശ്യമെന്താണ്? യാഥാർഥ്യമെന്താണെന്നാൽ, നബി(സ)തിരുമേനയുടെ ദാസത്വത്തിൽ ഒരു റസൂൽ വരുന്നതായിരിക്കും. അദ്ദേഹം എല്ലാ റസൂൽമാരുടേയും ഉമ്മത്തിനെ ഒരുമിച്ചു കൂട്ടുന്നതായിരിക്കും. അവരെ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ കൊണ്ടുവരുന്നതായിരിക്കും. അഹോ കഷ്ടം!നാമമാത്ര ഉലമാ ഈ പോയന്റ് മനസ്സിലാക്കിയിരുന്നെങ്കിൽ!

പിന്നീട് അല്ലാഹുവിന്റെ പിന്തുണയാലുള്ള അടയാളങ്ങളെ കുറിച്ചു പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:അബ്ദുൽഹഖ് ഗസ്നവി ഞാനുമായി മുബാഹല ചെയ്തു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ വീട്ടിൽ ആൺകുട്ടി പിറക്കുമെന്നാണ് പറഞ്ഞത്! പക്ഷേ, 14 വർഷമായി ഇതുവരെ ഒരു ആൺകുട്ടിയുമുണ്ടായിട്ടില്ല. ഇതിന്നിടയിൽ എന്റെ വീട്ടിൽ എത്രയോ ആൺകുട്ടികൾ ജന്മം കൊണ്ടു. ചിരാഗ്ദീൻ ജമ്മൂനീ സ്വനിർമിത മുബാഹല ചെയ്തു. അതിനു കുറച്ചുനാൾ കഴിഞ്ഞപ്പോൾ തന്റെ രണ്ടു ആൺകുട്ടികളോടൊപ്പം മരിച്ചു.

ഹുദൂർ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിച്ചുകൊണ്ടുള്ള ഈ അടയാളങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. അതു ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലുമുണ്ട്. എങ്ങനെയാണ് അല്ലാഹു സ്വപ്നങ്ങൾ മുഖേനയും മറ്റും ആളുകൾക്ക് ഹിദായത്തു നല്കുന്നത്? ഉദാഹരണത്തിന് ഗിനി-ബിസ്സോയിൽ ഇന്ന് ജൽസ നടക്കുകയാണ്. അവിടുത്തെ ഒരു അംഗമായ ഇബ്റാഹീം സാഹിബ് തന്റെ സുഹൃത്തിനോടൊപ്പം ഇരിക്കുകയായിരുന്നു. അവരുടെ മുമ്പിൽ വന്ന് ഒരു അനഹ്മദി മൗലവി ജമാഅത്തിന്നെതിരിൽ ചീത്ത പറയാൻ തുടങ്ങി. അവർ പറഞ്ഞു: അഹ്മദികൾ മുസ്ലിമീങ്ങളാണ്. താങ്കൾ ഇമാമായിട്ടും കളവു പറയുന്നു. അപ്പോൾ അയാൾ ദ്വേഷത്തോടെ പറഞ്ഞു:ഞാൻ വ്യാജനാണെങ്കിൽ അല്ലാഹു എനിക്ക് ശിക്ഷ നല്കട്ടെ!അയാൾ തിരിച്ച് ഗ്രാമത്തിലെത്താൻ പോകുന്നതേ ഉണ്ടായിരുന്നുള്ളു. ഗ്രാമത്തിന്നടുത്തുവച്ച് അപകടമുണ്ടായി. അയാളുടെ കാലൊടിഞ്ഞു. അപ്പോൾ എന്റെ സുഹൃത്ത് എന്നെ വിളിച്ചു പറഞ്ഞു:ഇന്ന് അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള അടയാളം വെളിപ്പെട്ടിരിക്കുന്നു. ഞാൻ ജമാഅത്തിൽ ചേരുകയാണ്.

ഇന്ത്യയിൽ ഇംഫാൽ സ്ഥലത്തെ ഒരു സു

ഹൃത്തിന്റെ വീട്ടിൽ തബ്ലീഗിനു പോയപ്പോൾ അവിടുത്തെ വീട്ടുകാരൻ മസീഹ് മൗഊദിനെ അനുകൂലിച്ചുകൊണ്ട് വിവിധപ്രോഷറുകൾ എടുത്തു കാണിച്ചു. അദ്ദേഹം പറഞ്ഞു: 2016 മുതൽ മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് എനിക്ക് അറിവുണ്ടായപ്പോൾത്തന്നെ ഞാൻ അഹ്മദിയാണെന്ന് പ്രഖ്യാപിച്ചതാണ്. അപ്പോൾ ആളുകൾ എന്നെ മർദിക്കാനും തൗബ ചെയ്യിക്കാനും വന്നു. പക്ഷേ, ആ ദിവസം ഭൂകമ്പമുണ്ടായി. എന്നെ തൗബ ചെയ്യിക്കാൻ വന്നവർക്ക് എത്ര മാത്രം നഷ്ടമാണുണ്ടായതെന്നാൽ അവർക്ക് എന്റെയടുത്തെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് അതെനിക്ക് അഹ്മദിയ്യത്തിന്റെ ഒരു കറാമത്തും സത്യത്തിനുള്ള തെളിവുമായി.

കോന്നോനോയിലെ ഒരു പാതിരി നമ്മുടെ മസ്ജിദിൽ വന്നു. ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് പറഞ്ഞു: ദൈവംതന്നെ എനിക്കു മാർഗദർശനം നല്കിയിരിക്കുന്നു. കുറച്ചുദിവസംമുമ്പേ ഞാൻ രണ്ടുമഹാത്മാക്കളെ സ്വപ്നത്തിൽകണ്ടു. ഒരാൾ പറഞ്ഞു, ഏതൊരു മതത്തെയാണോ താങ്കൾ പിൻപറ്റിയിരിക്കുന്നത് അതു ശരിയല്ല. രണ്ടാമത്തയാൾ അല്ലാഹുഅക്ബർ അല്ലാഹുഅക്ബർ എന്നു പറയുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് എന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഫോട്ടോകൾ കാണിച്ചപ്പോൾ പറഞ്ഞു:ഈ രണ്ടുമഹാത്മാക്കളുമാണ് എന്റെ സ്വപ്നത്തിൽ വന്നിരുന്നത്. അദ്ദേഹം തന്റെ കുടുംബസമേതം അഹ്മദിയ്യത്തിൽ പ്രവേശിച്ചു. തന്റെ വീടിനോടു ചേർന്ന് ഒരു ചർച്ചുണ്ടാക്കിയിരുന്നു. അത് മസ്ജിദാക്കി മാറ്റി. ഇപ്രകാരം അല്ലാഹു അമുസ്‌ലിമീങ്ങൾക്കും സന്മാർഗം നല്കിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുള്ള അടയാളം കാണിക്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് നിരവധി ഈമാൻ വർധക സംഭവങ്ങൾ കേൾപ്പിച്ചതിനുശേഷം പറഞ്ഞു: ഇന്ന് ഖാദിയാൻ ജൽസയിൽ പങ്കെടുത്തിരിക്കുന്ന നിങ്ങളും നിങ്ങളുടെ രാജ്യങ്ങളിലുള്ളവരും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ്, മസീഹ് മൗഊദും മഹ്ദിയുമാണെന്നും അദ്ദേഹത്തോടൊപ്പം അല്ലാഹുവിന്റെ സഹായങ്ങളുണ്ടെന്നുമുള്ള കാര്യം സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സകല അഹ്മദികളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് പരിശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. തങ്ങളുടെ ബാഹ്യവും ആന്തരികവുമായ അവസ്ഥകൾ ഉത്തമമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. ദുആയും ചെയ്തുകൊണ്ടിരിക്കുക.

ഹുദൂർ അൻവർ ദുആയ്ക്കാഹ്വാനം ചെയ്തുകൊണ്ടു പറഞ്ഞു:ദുആകളിൽ നമ്മുടെ ഫസ്തീനി സഹോദരന്മാരേയും സഹോദരിമാരേയും കുട്ടികളേയും ഓർമവെക്കുക. അല്ലാഹു എത്രയും വേഗം അക്രമത്തിന്റെ ആട്ടുകല്ലിൽനിന്ന് അവരെ പുറത്തുകൊണ്ടുവരുമാറാകട്ടെ. അവരെ അക്രമത്തിന് കുറിമാനമാക്കി തങ്ങളുടെ ലക്ഷ്യത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം ഭരണാധികാരികളേയും ഓർമവെക്കുക. പാക്കിസ്താനീ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. അസീറാനെ രാഹെ മൗലായ്ക്കുവേണ്ടി ദുആ ചെയ്യുക. പുതുവർഷം ആരംഭിക്കുകയാണ്. ഇന്നു രാത്രി തഹജ്ജുദിൽ പുതുവർഷം അനുഗൃഹീതമാകുന്നതിനുവേണ്ടിയും ലോകം അക്രമവും അനീതിയും അവസാനിപ്പിക്കുന്നതിനുവേണ്ടിയും ലോകത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നതിനും വിശ്വസിക്കുന്നതിനുംവേണ്ടിയും ദുആ ചെയ്യുക.

ജൽസയിലെ ഹാജർ നിലയെ കുറിച്ച് ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ഖാദിയാനിൽ പങ്കെടുത്തവർ ഈ നേരത്ത് 14930 പേരാകുന്നു. 42 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു. അല്ലാഹു ഈ ജൽസ എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് വീണ്ടും ദുആയ്ക്കാഹ്വാനം ചെയ്തുകൊണ്ടു പറഞ്ഞു:പ്രത്യേകിച്ചും പുതുവർഷം എല്ലാ വിധത്തിലും അനുഗൃഹീതമാകുന്നതിന് ദുആ ചെയ്യുക. അല്ലാഹു മുസ്‌ലിം സമുദായത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അഹ്മദിയ്യ ജമാഅത്തിന് കൂടുതൽ അഭിവൃദ്ധികൾ നല്കുക്കൊണ്ടിരിക്കുമാറാകട്ടെ. ദുആ ചെയ്യുക.

5.19 ന് ഹുദൂർ ദുആചെയ്യിച്ചു. ദുആയ്ക്കുശേഷം ആദ്യം ഖാദിയാൻ ദാറുൽഅമാനിൽനിന്ന് ഉർദുവിലും അറബിയിലും തദ്ദേശഭാഷയിലും പദ്യങ്ങൾ സംഘമായി അവതരിപ്പിക്കപ്പെട്ടു. അതിനുശേഷം ടോഗോയിൽനിന്നും ഗിനിബിസോയിൽനിന്നും ജൽസയിൽ പങ്കെടുത്തവർ പാരമ്പര്യ രീതിയിൽ ഈണത്തോടുകൂടി അറബിയിലും തദ്ദേശഭാഷയിലും പദ്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഖിലാഫത്തിനോടു തങ്ങളുടെ ആത്മാർഥമായ വിശ്വാസം പ്രകടിപ്പിച്ചു.

5.43-ന് അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലായുടെ ഉപഹാരം പ്രദാനം ചെയ്തുകൊണ്ട് ഹുദൂർ അയ്വാനെ മസ്ജിദിൽനിന്ന് തിരിച്ചുപോയി.

**സ്ത്രീകളുടെ ജൽസ:**

ലജ്ന ഇമാഇല്ലാഹ് ഭാരതിന് രണ്ടാം ദിവസത്തെ രണ്ടാമത്തെ യോഗത്തിൽ സ്ത്രീകളുടെ ജൽസ സംഘടിപ്പിക്കുന്നതിന് തൗഫീഖ് കിട്ടി. മുൻ സ്വദ്ർ ലജ്നഇമാഇല്ലാഹ് ഭാരത് ശമീംഅഖ്തർ ഗ്യാനി സാഹിബ അധ്യക്ഷയായി. പരിപാടി ആരംഭിച്ചത് തഹ്മീദ ഉമർ സാഹിബയുടെ വിശുദ്ധഖുർആൻ പാരായണത്തോടെയാണ്. അതിനുശേഷം നയ്യിറ തൻവീർ ഫാരിഅ സാഹിബ അതിന്റെ ഉർദുതർജമ കേൾപ്പിച്ചു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജോ ഖാക് മെ മിലെ ഉസെ മിൽത്താഹെ ആശിന എന്നു തുടങ്ങുന്ന പദ്യം സാറ വഖ്ഫീ സാഹിബ മനോഹരമായി ആലപിച്ചു. ആദ്യത്തെ പ്രസംഗം സെക്രട്ടറി തഹ്രീക്കെ ജദീദ് വ വഖ്ഫെ ജദീദ് ലജ്ന ഇമാഇല്ലാഹ് ഭാരത് അമത്തുന്നസീർ ബുശ്റാ സാഹിബയുടേതായിരുന്നു. വിശ്വാസിനികളുടെ അടയാളങ്ങളും വർത്തമാനകാലത്ത് അവ കരസ്ഥമാക്കലും എന്നതായിരുന്നു പ്രസംഗ വിഷയം. അതിനുശേഷം വൊ ജോ അഹ്മദ് ഭി ഹെ, മുഹമ്മദു ഭി ഹെഎന്ന സ്തുതിഗീതം ഖുദ്സിയ ഹബീബ് സാഹിബ കർണാനന്ദകരമായ ഈണത്തിൽ അവതരിപ്പിച്ചു. തുടർന്ന് ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം നാഇബ് സ്വദ്ർ അവ്വൽ ലജ്ന ഇമാഇല്ലാഹ് ഭാരത് അമത്തുൽ വസീഅ് ശമാഇല സാഹിബ നബി(സ)തിരുമേനിയുടെ സ്ത്രീ സ്വഹാബാക്കളുടെ അതുല്യമായ ത്യാഗങ്ങൾ എന്ന വിഷയം അധികരിച്ച് പ്രസംഗിച്ചു. പ്രസംഗത്തിനുശേഷം ലജ്ന ഇമാഇല്ലാഹ് സ്വദ്സാല ജൂബിലിയുടെ അവസരത്തിൽ നടത്തിയ പ്രബന്ധ മത്സരത്തിൽ പൊസിഷൻ നേടിയവർക്ക് സമ്മാനം വിതരണം ചെയ്തു. യോഗാധ്യക്ഷയുടെ ദുആയോടെ ജൽസ സമംഗളം സമാപിച്ചു.

**ഖാദിയാനോടൊപ്പം ആഫ്രിക്കൻ രാജ്യങ്ങളിലെ ജൽസകളും:**

ജൽസയുടെ ആദ്യദിവസം വെയിലുണ്ടായിരുന്നു. സഹോദരങ്ങൾ ആദ്യദിവസത്തെ ജൽസാ പരിപാടികൾ സൂര്യന്റെ ചെറിയ ചെറിയ ചൂടിൽ വളരെ സമാധാനത്തോടും ശാന്തിയോടുംകൂടി കേട്ടു. ജൽസയുടെ അവസാനത്തെ രണ്ടു ദിവസവും തണുപ്പ് അതിന്റെ പാരമ്യതയിലായിരുന്നു. എന്നിട്ടും സഹോദരങ്ങൾ പൂർണമായ താൽപര്യത്തോടും ആവേശത്തോടുംകൂടി ജൽസ പരിപാടികൾ ശ്രവിക്കുക്കുകയുണ്ടായി. ഹുദൂറിന്റെ പ്രഭാഷണ നേരത്ത് കഠിനമായ തണുപ്പുണ്ടായിട്ടും ജൽസാഗാഹ് വെയിലില്ലാതെ മൂടിക്കിടന്നിട്ടും സഹോദരങ്ങൾ ശരീരം മൂടിപ്പുതച്ചിരുന്ന് ഹുദൂറിന്റെ ഹൃദയസ്പൃക്കായ പ്രസംഗം ശ്രവിച്ചു. നാലു ആഫ്രിക്കൻ രാജ്യങ്ങളുടേയും -സെനിഗൽ, ടോഗോ, ഗിനി-ബിസ്വ, ഗിനകൊണാക്രി-ജൽസകളും ഇന്നേ ദിവസം തന്നെയായിരുന്നു. ആയിരക്കണക്കിനാളുകൾ തങ്ങളുടെ ജൽസാഗാഹുകളിലിരുന്ന് ഹുദൂറിന്റെ പ്രഭാഷണം കേട്ടു. ഈ ദൃശ്യം വളരെ ഗംഭീരമായിരുന്നു. ഹുദൂർ തന്റെ പ്രസംഗത്തിൽ പറഞ്ഞു:ഇതും അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള ഒരു തെളിവാണ്. ജൽസാഗാഹിൽ നാട്ടിയിരുന്ന എൽ.ഇ.ഡിയിൽ ആ രാജ്യങ്ങളിൽ ജൽസാഗാഹിലിരിക്കുന്ന സഹോദരങ്ങളുടെ ദൃശ്യം എടുത്തെടുത്ത് കാണിക്കുന്നുണ്ടായിരുന്നു. ഇപ്രകാരംതന്നെ ഖാദിയാനിലെ ജൽസാഗാഹും ബിഹിശ്തിമഖ്ബറയും മസ്ജിദ് മുബാറക്കും മസ്ജിദ് അഖ്സ്വയും മിനാരത്തുൽ മസീഹിന്റെ ദൃശ്യങ്ങളും കാണിച്ചുകൊണ്ടിരുന്നത് കാണേണ്ടതുതന്നെയായിരുന്നു. ഇത് ഈമാൻ വർധക സംഭവമായിരുന്നു. രാത്രി നേരത്ത് മിനാരത്തുൽമസീഹിന്റേയും മസ്ജിദ് അഖ്സ്വയുടേയും വെള്ള വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്ന ദൃശ്യം വളരെ ആകർഷണീയവും ഏറെ മനോഹരവുമായിരുന്നു.

തർബിയ്യത്ത് വിഭാഗം:

ഡിസംബർ 27-മുതൽ ജനുവരി 2-വരെ മസ്ജിദ് അഖ്സ്വയിലും മസ്ജിദ് അൻവാറിലും ജൽസയുടെ മൂന്നു ദിവസം ഖാദിയാനിലെ സകല മസ്ജിദുകളിലും ജമാഅത്തായ തഹജ്ജുദ് നമസ്കാരത്തിനുള്ള സൗകര്യം ചെയ്തിരുന്നു. തഹജ്ജുദ് നമസ്കാരത്തിന് ഉണർത്തുന്നതിന് ഏർപാടും ചെയ്തിരുന്നു. സ്വലാത്തും പരിശുദ്ധ പദ്യശകലങ്ങളും ചൊല്ലിക്കൊണ്ട് ആളുകളെ ഉണർത്തിയിരുന്നു. സ്വുബ്ഹി നമസ്കാരത്തിനുശേഷം തഫ്സീറേ കബീറിൽനിന്ന് ദറസ് കേൾപ്പിക്കാനുള്ള സൗകര്യവും എല്ലാ മസ്ജിദുകളിലും ഏർപാടാക്കിയിരുന്നു. ഖാദിയാനിലെ എല്ലാ മഹല്ലുകളിലും ജൽസഗാഹിലും തർബിയ്യത്തുപരമായ ബാനറുകൾ പതിച്ചിരുന്നു.

**നിക്കാഹ് വിളംബരം:**

ജൽസയുടെ അവസരത്തിൽ തങ്ങളുടെ മക്കളുടെ നിക്കാഹ് വിളംബരമുണ്ടാകണമെന്നുള്ള ആഗ്രഹം മാതാപിതാക്കൾക്കുണ്ടാകാറുണ്ട്. അങ്ങനെ ജൽസയുടെ രണ്ടാമത്തെ ദിവസം മഗ്രിബ് ഇശാ നമസ്കാരത്തിനുശേഷം മസ്ജിദ് ദാറുൽ അൻവാറിൽ നിക്കാഹുകളുടെ വിളംബരം നടന്നു.

**തർജമ:**

ഈ വർഷം താഴെ പറയുന്ന ഭാഷകളിൽ തൽസമയ തർജമകൾക്കുള്ള സൗകര്യമൊരുക്കിയിരുന്നു. അറബി, റഷ്യൻ, ഇന്തൊനേഷ്യൻ, ഇംഗ്ലീഷ്, മലയാളം, തമിൾ, ബംഗ്ല, കന്നഡ. 1200 ലധികമാളുകൾ ഇതു പ്രയോജനപ്പെടുത്തുകയുണ്ടായി. ജൽസയുടെ സകല പരിപാടികളും പ്രത്യേകിച്ചും ഹുദൂർ അയ്യദഹുല്ലായുടെ സമാപന പ്രഭാഷണം ഈ ഭാഷകളിൽ തർജമ ചെയ്യപ്പെട്ടു. സ്ത്രീകളുടെ പ്രത്യേക സെഷന്റേയും 5 ഭാഷകളിൽ തർജമ നടന്നു. മറ്റു സ്ത്രീകളും സാധാരണപോലെ പുരുഷന്മാരുടെ ജൽസാഗാഹിൽനിന്നുള്ള തർജമകളിൽനിന്ന് ഫലമെടുത്തുകൊണ്ടിരുന്നു. ഈ വർഷം മലയാളം, തമിൾ എന്നീ ഭാഷകൾക്കപുറമെ ആദ്യമായി ബംഗ്ലാ ഭാഷയിലും തൽസമയ സ്ട്രീമിംഗ് സംപ്രേഷണം ചെയ്യപ്പെട്ടു. അൽഹംദുലില്ലാഹ്.

**തൽസമയ സ്ട്രീമിംഗ്:**

ജൽസസാലാന പരിപാടികൾ തൽസമയ സ്ട്രീമിംഗിലൂടെ കാണിച്ചുകൊണ്ടിരുന്നു. ഇതിൽനിന്ന് ഇന്ത്യയിലെ ജനങ്ങൾ മാത്രമല്ല വിദേശരാജ്യങ്ങളിലുള്ളവരും ജൽസപരിപാടികൾ കണ്ടു.

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 08 February 2024 Issue-6

MANAGER
Sheik Mujahid
Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഖാദിയാൻ ദാറുൽഅമാനിൽനിന്ന് തൽസമയ ഇംഗ്ലീഷ് സംപ്രേഷണങ്ങൾ: ദ മെസേജ് ഓഫ് ദ ഏയ്ജിന്റെ (കാലഘട്ടത്തിന്റെ സന്ദേശം)സംപ്രേഷണം 5-ാം തിയതി മുതൽ 2024 ജനുവരി 7-ാം തിയതിവരെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ എം.ടി.എ ഇന്റർ നാഷണലിൽ തൽസമയം സംപ്രേഷണം ചെയ്തു.

**താമസസ്ഥലങ്ങളും വകുപ്പുകളും:**

ഈ വർഷം അതിഥികളുടെ താമസത്തിന് 24 സ്ഥലങ്ങളാണ് തയ്യാറാക്കിയിരുന്നത്. 35 നിളാമത്തുകളുടെ(വ്യവസ്ഥിതികൾ)നാളിമുമാരും നാഇബ് നാളിമുമാരും രാവും പകലും സേവനം ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. നാലു ലങ്കറുകളിൽ ഭക്ഷണം തയ്യാറാക്കപ്പെട്ടു. പ്ലാന്റിൽ പുതിയ മെഷീൻ മുഖേന രാവും പകലും ആയിരക്കണക്കിന് അതിഥികൾക്ക് റൊട്ടി ഉണ്ടാക്കിക്കൊണ്ടിരുന്നു. അവയ്ക്കു പുറമെ ജൽസഗാഹിന്റെ വകുപ്പിനു കീഴിൽ 20-തും ലജ്ന ഇമാഇല്ലായുടെ 15-ഉം വിവിധ വകുപ്പുകളുടെ കീഴിൽ സന്നദ്ധ സേവകരും അവരവരുടേതായ കർത്തവ്യങ്ങൾ ഭംഗിയായി നിറവേറ്റിക്കൊണ്ടിരുന്നു.

**സൃഷ്ടിസേവന വിഭാഗം:**

ജൽസസാലാന ഖാദിയാന്റെ ഒരു സുപ്രധാന വിഭാഗം ഖിദ്മത്തെ ഖൽഖുമാണ്. ഇതിനുകീഴിൽ വ്യവസ്ഥയോടും ക്രമത്തോടും കാര്യങ്ങൾ നടപ്പിൽ വരുത്താനുള്ള ഏർപാടുകളും സംരക്ഷണപരമായ ഒരുക്കങ്ങളും ചെയ്യപ്പെടുന്നു. ഈ വർഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മജ്ലിസുകളിൽ നിന്ന് 419-ഉം ഖാദിയാനിൽനിന്ന് 300-ഉം ഖുദ്ദാമാണ് ഈ വകുപ്പിനുകീഴിൽ സേവനം അനുഷ്ഠിച്ചത്. ഇവർക്കുപുറമെ അൻസ്വാറുല്ലായിലെ സ്വഫെ ദോമിലെ ഒരു ടീമിനും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഖിദ്മത്തെ ഖൽഖ് വകുപ്പിന്റെ കീഴിലുള്ള വകുപ്പുകൾ-രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ സ്വദേശത്തുനിന്നും വിദേശത്തുനിന്നും വരുന്ന അതിഥികളുടെ രജിസ്ട്രേഷൻ ചെയ്യപ്പെട്ടു. അവർക്ക് രജിസ്ട്രേഷൻ കാർഡ് നല്കി. ദാറുൽമസീഹ്, ബിഹിശ്തിമഖ്ബറ, ജൽസഗാഹ് തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി ആളുകളെ പ്രവേശിപ്പിച്ചു. ഇപ്രകാരംതന്നെ മസ്ജിദുകളിലെ സ്വഫ്ഫുകൾ നേരെയാക്കുന്നതിലും റോഡുകളിലും ഇടവഴികളിലും ട്രാഫിക് നിയന്ത്രിക്കുന്നതിലും പാർക്കിംഗ് സംവിധാനത്തിലും ജൽസഗാഹുകളിൽ അതിഥികൾക്ക് കുടിവെള്ളമെത്തിക്കുന്നതിലും സ്തുത്യർമായ സേവനമാണ് ഈ വകുപ്പ് ചെയ്തത്. താമസസ്ഥലങ്ങളിലും ഖാദിയാനിലേക്കുള്ള പ്രവേശനകവാടങ്ങളിലും 24 മണിക്കൂറും ഖുദ്ദാം കാവൽ ഡ്യൂട്ടികൾ നല്കി. ഇപ്രകാരംതന്നെ ഹെൽപ് ഡസ്കിലും അറിയിപ്പുകളും വിളംബരങ്ങളും നടത്തുന്നതിലും ഫസ്റ്റ് എയ്ഡിലും ഖുദ്ദാം ഡ്യൂട്ടികൾ നല്കി. കോവിഡ് കണക്കിലെടുത്ത് പ്രവേശന കവാടങ്ങളിൽ ഹോമിയോ പ്രതിരോധ മരുന്നുകൾവിതരണം ചെയ്തു. എല്ലാ മസ്ജിദുകളിലും കൈകൾ കഴുകാനുള്ള സംവിധാനം ചെയ്തു. ലുധിയാനയിലെ ദാറുൽബയ്അത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹോശിയാർപൂരിൽ തപോയജ്ഞം നടത്തിയ സ്ഥലത്തും ഖുദ്ദാമിന്റെ ഡ്യൂട്ടി ഉണ്ടായിരുന്നു. അഹ്മദിയ്യ പതാക പൂർണ ബഹുമതിയോടും ആദരവോടും കൂടി ജൽസ ഗാഹിൽ കൊണ്ടുപോകാനും അവിടെ നിന്ന് തിരിച്ചുകൊണ്ടുവരാനുമുള്ള ഏർപാടും ചെയ്തിരുന്നു. അല്ലാഹു ഖുദ്ദാമിന്റേയും അൻസ്വാറിന്റേയും ലജ്ന അംഗങ്ങളുടേയും സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ. ആമീൻ

---

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**

**Demonstrator/Teacher Refrigerator & Ac ദാറുസ്സ്വനാഅത്ത് ഖാദിയാൻ**

നിബന്ധനകൾ: (1)ഉദ്യോഗാർഥികളുടെ യോഗ്യത Air Conditioning & Refrigeation Engineering-ൽ ഡിഗ്രി/ഡിപ്ലോമ അല്ലെങ്കിൽ സർക്കാറിന്റെ ഏതെങ്കിലും അംഗീകൃത ഡിപ്പാർട്ടുമെന്റിൽനിന്നുള്ള തത്തുല്യമായ യോഗ്യതയുണ്ടായിരിക്കണം. കോഴ്സ് പൂർത്തിയാക്കിയ ശേഷം 6 മാസത്തെ പ്രവർത്തന പരിചയവുമുണ്ടായിരിക്കണം. (2) ഉദ്യോഗാർഥിക്ക് ഉർദു/ഹിന്ദി ഭാഷയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിദ്യാർഥികൾക്ക് ക്ലാസെടുക്കാനും നല്ല രീതിയിൽ പ്രാക്ടിക്കൽ ഡമോൺസ്ട്രേഷൻ ചെയ്യാനുള്ള കഴിവുമുണ്ടായിരിക്കണം.(3) ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളു. (4) ഇന്റർവ്യു പാസാകുന്ന ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (5)തിരഞ്ഞെടുക്കപ്പെട്ടാൽഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. താമസത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പിന്നീട് അതിൽ ഒരു നടപടിയും സ്വീകരിക്കുന്നതല്ല. (9). യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592, 09682587713,
Office:01872501130
Email:diwan@qadian.in

**സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**

ഗ്രേഡ് 2. നിബന്ധനകൾ

(1) ഉദ്യോഗാർഥി 25 വയസ്സിന് മുകളിലും 18 വയസ്സിനു താഴെയുമാകാൻ പാടില്ല.

(2)വിദ്യാഭ്യാസപരമായ യോഗ്യത കുറഞ്ഞത് പ്ലസ്ടൂവിൽ 45% മാർക്ക് കരസ്ഥമാക്കിയിരിക്കണം.

(3)ഉർദു ഇംഗ്ലീഷ് കമ്പോസിംഗ് അറിഞ്ഞിരിക്കണം

(4)ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളു.

(5)പരീക്ഷയുടെ സിലബസ്സ് താഴെ കൊടുക്കുന്നു. എല്ലാ ഭാഗത്തുമുള്ള ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടത് നിർബന്ധമാണ്.

ഭാഗം 1. വിശുദ്ധ ഖുർആൻ ഓതാനറിയണം. ആദ്യ ജുസു തർജമയും അറിയണം. * 40 ഹദീഥുകൾ, ഇസ്ലാം കാര്യങ്ങൾ, നമസ്കരാം തർജമയോടുകൂടി.(30 മാർക്ക്) * ഭാഗം 2. കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്ലൂമാത്ത്. * പ്രബന്ധം:അഖാഇദെ അഹ്മദിയ്യത്ത്.* പദ്യം. ദുർരെഥമീനിൽനിന്ന്(ശാനെ ഇസ്ലാം) (20 മാർക്ക്) ഭാഗം 3: * പ്ലസ്ടൂവിന്റെ നിലവാരത്തിലുള്ള ഇംഗ്ലീഷ് പരിജ്ഞാനം.(20 മാർക്ക്). ഭാഗം 4: * എസ്സ് എസ്സ് എൽ സി നിലവാരത്തിലുള്ള കണക്ക്.(ഓഫീസു സംബന്ധമായ ചോദ്യങ്ങൾ).(20 മാർക്ക്) ഭാഗം 5: * പൊതു വിജ്ഞാനങ്ങൾ(10 മാർക്ക്)

6. എഴുത്തു പരീക്ഷയിൽ പാസാകുന്ന ഉദ്യോഗാർഥികൾക്ക് ഇന്റർവ്യു ഉണ്ടായിരിക്കുന്നതാണ്. 7. എഴുത്തുപരീക്ഷ, കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യു എന്നിവയിൽ പാസാകുന്ന ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (8)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. താമസത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പിന്നീട് അതിൽ ഒരു നടപടിയും സ്വീകരിക്കുന്നതല്ല. (9)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

നോട്ട്:എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, അഞ്ചുമൻ തഹ്രീക്കെ ജദീദ്, അഞ്ചുമൻ വഖ്ഫെ ജദീദ് ഖാദിയാൻ തുടങ്ങിയ സ്ഥാപനങ്ങളിൽ തോട്ടക്കാരൻ/പാചകക്കാരൻ/റൊട്ടിഉണ്ടാക്കുന്നവർ/കെയർടേക്കർ/കാവൽക്കാരൻ എന്നീ തസ്തകയിലേക്ക് താൽപര്യമുള്ളവരിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.**

ഗ്രേഡ് 4 ന്റെ നിബന്ധനകൾ

(1) ഉദ്യോഗാർഥി 40 വയസ്സിന് മുകളിലും 18 വയസ്സിനു താഴെയുമാകാൻ പാടില്ല.(2) വിദ്യഭ്യാസം ബാധകമല്ല. എങ്കിലും വിദ്യഭ്യാസമുള്ളവർക്ക് മുൻഗണന നല്കുന്നതായിരിക്കും.(3) ജനനസർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്. (4) ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ കിട്ടുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(5)മർക്കസി കമ്മിറ്റിയുടെ ഇന്റർവ്യൂവിൽ പാസാകുന്നവരായിരിക്കും സേവനത്തിന്നർഹരാകുക(6)ഇന്റർവ്യുവിൽ പാസാകുന്ന ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(7) തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. 8)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.(ഇന്റർവ്യുവിന്റെ തിയതി പിന്നീടറിയിക്കുന്നതാണ്)

കൂടുതൽ അറിയുന്നതിന് ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143516
Mob:09682627592, 09682587713, Office:01872501130 Email:diwan@qadian.in

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin